കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുറമേരി ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി/പി11/2302/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട് ജില്ല

തീയതി. 27.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുറമേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുറമേരി ഗ്രാമപഞ്ചായത്ത് - 2015-2016 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1.കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3.കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി/പി11/2302/2016 തിയ്യതി- 12.01.2017

# കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.02.2016 മുതൽ 14.12.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും ഭാഗികമായി പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.കെ. സതീഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.12.2016 മുതൽ 24.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ബാലസുബ്രഹ്മണ്യൻ.എ.കെ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഇ.വി ഹരി, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഇന്ദുകല. സി. വി, ഓഡിറ്റർ (15.12.2016 മുതൽ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി. കെ. പി. വനജ | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീ. അച്ച്യുതൻ. കെ | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. പ്രസാദ്. പി. ടി | 01.04.2015 മുതൽ 31.03.2016 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. രതീഷ്. പി. ആർ | 01.04.2015 മുതൽ 31.03.2016വരെ |
| വി.ഇ.ഒ | ശ്രീ. ബൈജു. പി.പി (പുറമേരി സർക്കിൾ) | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. പ്രീത. എൻ | 01.04.2015 മുതൽ 30.06.2015 വരെ |
| | ശ്രീമതി. ഗിരിജ കുന്നമ്മൽ | 01.07.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി. എച്ച്.സി) | ഡോ. സജിത സി. പി | 01.04.2015 മുതൽ 03.06.2015 വരെ |
| | ഡോ. സജിത് പ്രസാദ്. ടി. വി | 04.06.2015 മുതൽ 31.03.2016 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. അഖിൽ ഹരി | 01.04.2015 മുതൽ 05.08.2015 വരെ |
| | ശ്രീ. എം.എ മോഹൻകുമാർ | 06.08.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. സിനി. പി | 01.04.2015 മുതൽ 31.08.2015 വരെ |
| | ഡോ.ഷൈനി കെ.ആർ നമ്പീശൻ | 01.09.2015 മുതൽ 31.03.2016 വരെ |
| അസി. സെക്രട്ടറി | ശ്രീമതി. സിന്ധു. പി.ജി | 01.04.2015 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | മാവേലി സ്റ്റോർ വാടക അടവാക്കിയില്ല – പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ലഭ്യമാക്കിയില്ല | 2-2 |
| 13 | ഡി. ആന്റ്. ഒ ലൈസൻസ് - അപാകതകൾ | 2-3 |
| 14 | വസ്തു നികുതി പിരിവിലെ അപാകതകൾ | 2-4 |

| | | |
|---|---|---|
| 15 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-5 |
| | ഭാഗം 3 | |
| 16 | പ്രവൃത്തി പൂർത്തിയാക്കുന്നതിന് കാലതാമസം - പിഴ ഈടാക്കിയില്ല | 3-1 |
| 17 | ഐആർസി സ്പെസിഫിക്കേഷന് വിരുദ്ധമായി ഡി ആർ പാക്കിംഗ് ചെയ്തു | 3-2 |
| 18 | റോഡ് കോൺക്രീറ്റിന് അധികം തുക നല്കി | 3-3 |
| 19 | മണ്ണ് ഫിൽ ചെയ്ത് ക്വാറിമക്ക് വിതറൽ ആധികാരികതയില്ല | 3-4 |
| 20 | എസ് സി വിഭാഗം പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനർഹർക്ക് നല്കി | 3-5 |
| 21 | ഗുണഭോക്തൃ സമിതി നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃത നിബന്ധനകൾ പാലിക്കുന്നില്ല. | 3-6 |
| 22 | പത്രപരസ്യത്തിന് അധിക നിരക്ക് അനുവദിച്ചു, ടെണ്ടർ നടപടികൾ സ്വീകരിക്കാതെ പ്രിന്റിംഗ് പ്രവൃത്തികൾ നടത്തി | 3-7 |
| 23 | തെരുവു വിളക്ക് അറ്റകുറ്റപ്പണി - അപാകതകൾ | 3-8 |
| 24 | പദ്ധതി നടത്തിപ്പിൽ ആശ്രയ ഗുണഭോക്താക്കളെ പരിഗണിക്കുന്നില്ല | 3-9 |
| 25 | ശാരീരിക മാനസിക വൈകല്യമുള്ളവർക്ക് ഉപകരണങ്ങൾ - വിതരണത്തിലെ അപാകത | 3-10 |
| 26 | മീഡിയാശ്രീ ഡോക്യുമെന്ററി നിർമ്മാണം - സർക്കാർ ഉത്തരവിനു വിരുദ്ധമായി മുഴുവൻതുകയും മുൻകൂറായി നല്കി | 3-11 |
| 25 | സ്റ്റോക്ക് രജിസ്റ്ററിൽ നീക്കിയിരിപ്പായി കാണിച്ചതിലധികം ടാർ സ്റ്റോക്ക് ചെയ്തു | 3-12 |
| 27 | വാറ്റ് ഈടാക്കിയതിൽ കുറവ് | 3-13 |
| 28 | ആദായ നികുതി ഈടാക്കിയതിൽ കുറവ് | 3-14 |
| 29 | നാദാപുരം ഗവൺമെന്റ് കോളേജിന് സ്ഥലം വാങ്ങൽ - നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല | 3-15 |

| | | |
|---|---|---|
| 30 | കന്നുകുട്ടി പരിപാലന പദ്ധതി : നല്കിയ തുകയുടെ വിനിയോഗവിവരം ഹാജരാക്കിയില്ല. | 3-16 |
| 31 | തെരുവു നായ നിയന്ത്രണ പദ്ധതി തുക അടവാക്കി - വിനിയോഗ വിവരമില്ല | 3-17 |
| 32 | എസ് എസ് എ വിഹിതം അടവാക്കി - കൈപ്പറ്റ് രശീതും വിനിയോഗ വിവരവുമില്ല | 3-18 |
| 33 | ഐ.എ.വൈ വിഹിതം നല്കൽ : രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. | 3-19 |
| 34 | ഐഎവൈ വിഹിതം അടവാക്കി ഔദ്യോഗിക രശീതും വിനിയോഗ വിവരവുമില്ല | 3-20 |
| 35 | ഐഎവൈ ഭവനം - വായ്പയുടെ പലിശ തിരിച്ചടവിന് തുക നല്കി - രേഖകളില്ല | 3-21 |
| 36 | റോഡ് നിർമ്മാണത്തിന് ഭാഗിക പ്രോജക്ട് | 3-22 |
| | ഭാഗം 4 | |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 24.03.2015 തിയതിയിലെ 1(3) നം തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് (റസീപ്റ്റ് & പെയ്മന്റ് പ്രകാരം) | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+)/(-) |
| മുന്നിരിപ്പ് | 17,67,104 | 2,62,00,360 | 2,44,33,256 | | 93.25 |
| വരവ് | 14,59,07,219 | 3,79,71,240 | 10,79,35,979 | | 73.97 |
| ആകെ | 14,76,74,323 | 6,41,71,600 | | 8,35,02,723 | 56.54 |
| ചെലവ് | 14,24,92,756 | 4,85,17,356 | | 9,39,75,400 | 65.95 |
| നീക്കിയിരിപ്പ് | 51,81,567 | 1,56,54,244 | 1,04,72,677 | | 66.89 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 15.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 14.12.2016 | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,62,00,360 |
| വരവ് | 2,85,15,238 |
| ആകെ | 5,47,15,598 |
| ചെലവ് | 4,01,13,527 |
| നീക്കിയിരിപ്പ് | 1,46,02.071 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ | ചെലവ് |
|---|---|---|---|---|---|---|---|

| | | വരവ് | | | | ക്രെഡിറ്റ് | ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 28,27,697 | 14,52,025 | 90,10,787 | 90,10,787 | 0 | (+)47,31,065 | 100 |
| വികസനഫണ്ട് എസ്.സി.പി. | 8,40,805 | 12,50,470 | 20,91,275 | 14,25,470 | 0 | (-)20,91,275 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 15,40,147 | 14,44,120 | 29,84,267 | 36,64,635 | -680368 | | 123 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 17,15,499 | 6,18,301 | 23,33,800 | 16,53,432 | 6,80,368 | | 70.85 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 19,21,150 | 55,80,081 | 75,01,231 | 42,19,437 | 0 | (-)75,01,231 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 26,85,808 | 7,64,603 | 34,50,411 | 26,66,945 | 0 | 34,50,411 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 83,767 | 1,06,60,994 | 1,07,44,761 | 1,07,42,557 | 2,204 | | 99.97 |
| ബി ഫണ്ട് | 0 | 2,66,34,416 | 2,66,34,416 | 2,66,34,416 | 0 | | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 151 | 97 | 42 | 12 | 64.23 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം. കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 38,24,392 | 24,79,745 | 13,44,647 | 54.22(-) |
| നികുതിയേതര വരവുകൾ | 4,07,426 | 4,58,849 | 51,423 | 11.21(+) |
| മറ്റ് വരവുകൾ | 2,09,817 | 2,94,025 | 84,208 | 28.64(+) |
| ആകെ | 44,41,635 | 32,32,169 | 12,09,016 | 37.40(-) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,96,480 | 469 |
| കർഷകതൊഴിലാളി പെൻഷൻ | 57,87,600 | 788 |
| വിധവാപെൻഷൻ | 1,07,60,000 | 1118 |
| വാർദ്ധക്യകാലപെൻഷൻ | 56,91,600 | 856 |
| വികലാംഗപെൻഷൻ | 28,25,500 | 276 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,66,400 | 38 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 4,20,000 | 14 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,144/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.12.2015 – 05.12.2015 | 10/2015 | A10-5039/16 തീ. 25.04.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.03.2006 – 21.03.2006 | 1997-98 - 2004-05 | എൽ.ബി.എ/(എച്ച്.ക്യൂ)/III /8എ-956/106 തീ.03.05.2006 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിട നികുതി സംബന്ധിച്ച് നടത്തിയ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. ആയതിനാൽ കെട്ടിടനികുതി, ലൈബ്രറി സെസ്സ്, കെട്ടിട നികുതി കുടിശ്ശിക, പിരിച്ചെടുത്ത കുടിശ്ശിക എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. ബാലൻസ് ഷീറ്റിലെ ബി - 9 ഷെഡ്യൂളിൽ തിരിച്ച നല്കാനുള്ള വസ്തുനികുതി ഇനത്തിൽ 52,418.79 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ ടി തുക ആർക്കാണ് തിരിച്ചു നൽകേണ്ടത് എന്നുള്ള വിവരം ലഭ്യമല്ല.

3. കാനറാ ബാങ്ക് ഒ. എ. പി 33360 അക്കൗണ്ട് , കാനറാ ബാങ്ക് ആർ.സി.ആർ.എസ്.പി 33157 അക്കൗണ്ട് , എന്നിവ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുകയാണ്. ആയവ അവസാനിപ്പിക്കേണ്ടതാണ്.

4. സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ലിങ്ക് ചെയ്യിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. പുറമേരി സർവീസ് സഹകരണ ബാങ്കിലെ 660 നം. അക്കൗണ്ടിന്റെ 31.3.2016 ലെ റെക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം താഴെപ്പറയുന്ന ചെക്കുകൾ ദീർഘ കാലമായി അക്കൗണ്ടിൽ നിന്നും പിൻവലിക്കപ്പെടാതെയിരിക്കുകയാണ്.

| ചെക്ക് നം / തീയതി | തുക |
|---|---|
| 56239 / 23.3.2015 | 4,000 |
| 41538 / 16.12.2013 | 1,000 |
| വ്യക്തമല്ല / 1.6.2014 | 5,071 |
| 62210 / 29.12.2015 | 500 |

മേൽ ചെക്കുകൾ എല്ലാം തന്നെ 3 മാസ കാലാവധി കഴിഞ്ഞവയാണ്. കാലാവധി കഴിഞ്ഞ മേൽ ചെക്കുകൾ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടില്ല എന്ന് ഉറപ്പ് വരുത്തി, മേൽ ചെക്കുകൾ റദ്ദ് ചെയ്യതായി കണക്കാക്കി, വാർഷിക കണക്കുകളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 മാവേലി സ്റ്റോർ വാടക അടവാക്കിയില്ല – പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ PP.1/819, 1/820 എന്നീ മുറികളിൽ 2008 സെപ്തംബർ മാസം 6ാം തീയതി മുതൽ പ്രവർത്തിച്ച വരുന്ന മാവേലി സ്റ്റോറിന്റെ വാടക നാളിതുവരെയും ഈടാക്കിയിട്ടില്ല. 15.07.2006- ലെ സർക്കുലർ നം. 15289/കെ1/05 തസ്വഭവ പ്രകാരം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം ആരംഭിക്കുന്ന മാവേലി സ്റ്റോറുകളുടെ രണ്ടു വർഷത്തെ വാടക തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട് - ൽ നിന്നും നൽകാമെന്നും, ഇതിന്റെ വാടക നിരക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാനദണ്ഡപ്രകാരം നിശ്ചയിക്കേണ്ടതാണെന്നും പരാമർശിക്കുന്നുണ്ട്.

2008 സെപ്തംബറിൽ പ്രവർത്തനമാരംഭിച്ച മാവേലി സ്റ്റോറിന്റെ 2010 ആഗസ്റ്റ് മാസം വരെയുള്ള വാടകമേൽ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും നൽകാം. എന്നാൽ ഈ കാലാവധി കഴിഞ്ഞ് - 01.09.2010

മുതൽ -ഓഡിറ്റ് തീയതി വരെയും വാടക ഈടാക്കിയിട്ടില്ല. വാടക നിശ്ചയിച്ച് നൽകുന്നതിനായി ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ടതിനെ തുടർന്ന് ചതുരശ്ര മീറ്ററിന് 5 രൂപ നിരക്കിൽ 650 ചതുരശ്ര മീറ്ററിന് 3250 രൂപ തോതിൽ 3 വർഷത്തേക്ക് പ്രതിമാസ വാടക സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിശ്ചയിച്ച് നൽകിയിട്ടുണ്ട്(സി.എസ്.സി6-43/12 തീ. 19.07.2012) എന്നാൽ ഇതു പ്രകാരമുള്ള വാടകയും ഓഡിറ്റു കാലയളവ് വരെയും ഈടാക്കിയിട്ടില്ല.

03.09.2014 ലെ 7.9.14 നം തീരുമാന പ്രകാരം പിഴപലിശ ഒഴിവാക്കിക്കൊടുക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി തേടുന്നതിനും വാടകവർദ്ധനവ് 3 വർഷത്തിലൊരിക്കൽ 15% ആയി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ബി3-4518/11 തീ. 26.09.2014 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് കത്ത് നൽകി. എന്നാൽ പിഴപലിശ ഒഴിവാക്കി അനുമതി ഉത്തരവൊന്നും ലഭ്യമായില്ല.

തുടർന്ന് 17.09.2015 ലെ തീരുമാനം 9, 20.08.2016 ലെ തീരുമാനം 9 എന്നിവ പ്രകാരം 'ഗ്രാമ പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ മാത്രമേ നിലവിലുള്ളൂ എന്നും പഞ്ചായത്ത് ശക്തമായ നടപടികൾ സ്വീകരിച്ചാൽ മാവേലി സ്റ്റോർ നഷ്ടമാകുന്ന അവസ്ഥ ഉണ്ടായേക്കാം എന്നും ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ കുടിശ്ശിക തുകയുടെ പിഴപലിശ ഒഴിവാക്കി കൊടുക്കുന്നതിന് സർക്കാർ അനുമതി വാങ്ങുന്നതിന് വീണ്ടും തീരുമാനമെടുത്തു. ഇതിന്റെ അടിസ്ഥാനത്തിൽ 08.09.2016 തീയതിയിൽ വീണ്ടും സി1. 5235/15-16 നം കത്ത് പ്രകാരം 31.07.2016 വരെയുള്ള പിഴപലിശ(1,72,206/- രൂപ) ഒഴിവാക്കുന്നതിനായി അപേക്ഷ നൽകി. എന്നാൽ പിഴപലിശ ഒഴിവാക്കിക്കൊണ്ടുള്ള അനുമതി ലഭ്യമായിട്ടില്ല. 3 വർഷം കൂടുമ്പോഴുള്ള വാർഷിക വർദ്ധനവ് പരിഗണിച്ചാൽ, 2015-16 വരെ വാടകകുടിശ്ശികയിനത്തിൽ 2,32,878/- രൂപ(പിഴപലിശയൊഴികെ) അടവാക്കാൻ ശേഷിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| കാലയളവ് | വാടക നിരക്ക് | ഈടാക്കേണ്ട വാടക |
|---|---|---|
| 06.09.2010 - 31.08.2013 | 3250 | 36 x 3250 = 1,17,000 |
| 01.09.2013 - 31.03.2016 | 3738 | 31 x 3738 = 1,15,878 |
| ആകെ | | 2,32,878 |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243(1) പ്രകാരം ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ള തുക ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കാവുന്ന തീയ്യതി മുതൽ മൂന്ന് വർഷം കഴിഞ്ഞാൽ ഈ തുക കാലഹരണപ്പെടും. കാലഹരണപ്പെട്ട തുക ഏതെങ്കിലും ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെങ്കിൽ 12% പലിശ സഹിതം അവരിൽ നിന്നും ഈടാക്കാൻ വകുപ്പ് 243(3)ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ, കരാർ ഷെഡ്യൂളിൽ കെട്ടിടം വാടകയ്ക്ക് വാങ്ങിയ സിവിൽ സപ്ലൈസ് മാനേജർ ഒപ്പിട്ടിട്ടുണ്ടെങ്കിലും വസ്തു വാടകയ്ക്കു നൽകുന്ന പഞ്ചായത്തിനു വേണ്ടി ആരും ഒപ്പു വച്ചതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ 'വാടക സംബന്ധിച്ച് വടകര ഡിപ്പോ മാനേജരുടെ കത്ത് ലഭ്യമായിട്ടുണ്ടെന്നും, തുടർ നടപടി നിർദ്ദേശിക്കുന്നതിനായി മേഖലാമാനേജർക്ക് നൽകിയിട്ടുണ്ടെന്നും ' പരാമർശിക്കുന്നു. കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയൊഴിയലും ചട്ടം) പ്രകാരമുള്ള ഫോറം അല്ലാത്തതിനാലാണ് സെക്രട്ടറി ഒപ്പു വെയ്ക്കാതിരുന്നത് എന്നും മറുപടിയിൽ പരാമർശിക്കുന്നു.

2011-12,12-13, 2013-14,14-15 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ഈ വിഷയത്തിൽ നിയമനടപടി സ്വീകരിക്കാത്തതിനെ സംബന്ധിച്ച് പരാമർശിച്ചിരുന്നു. വാടകകുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറിയിൽ നിന്ന് 2,32,878/- രൂപ(12% പലിശ സഹിതം ഈടാക്കേണ്ടതാണ്. പിഴപലിശയുടെ സംഗതിയിൽ ഇളവ് ലഭിക്കാത്ത പക്ഷം ഉത്തരവാദിയായവരിൽ നിന്നും ഈ തുകയും വസൂലാക്കേണ്ടതും, ചട്ടപ്രകാരം കരാർ ചമയ്ക്കേണ്ടതുമാണ്.

## 2-3 ഡി. ആന്റ്. ഒ ലൈസൻസ് - അപാകതകൾ

ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)ഡി & ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കി

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് കുറവായാണ് ഈടാക്കിയിട്ടുള്ളത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | കച്ചവടക്കാരന്റെ പേരും വിലാസവും | പ്രതിദിന വിറ്റുവരവ് (അപേക്ഷ പ്രകാരം) | ഈടാക്കേണ്ട തുക | ഈടാക്കിയ തുക, രശീതി നം., തീയതി | കുറവ് |
|---|---|---|---|---|---|
| 1 | അശോകൻ. വി. ആർ, വടക്കേച്ചുനാറമ്പത്ത് മുതുവടത്തൂർ പലചരക്ക് കച്ചവടം | 2,600 | 100 | 50/- 11401103728/ 20.02.2015 | 50 |
| 2 | മാവേലി സ്റ്റോർ, പുറമേരി | 20,000 | 500 | 100/- 11401103908/ 28.02.2015 | 400 |
| 3 | വിനോദ് കുമാർ. എം ഷോപ്പ് മാനേജർ സപ്ലൈകോ മാവേലി സ്റ്റോർ | 7,000 | 200 | 50/- 11401103909/ 28.02.2015 | 150 |
| 4 | ഗീത എം. കെ, രാഗം പുറമേരി മെഡിക്കൽ ഷോപ്പ് | 3000 | 100 | 50/- 11501100709/ 15.06.2015 | 50 |
| ആകെ | | | | | 650 |

കുറവായി ലൈസൻസ് ഫീസ് നിർണ്ണയിച്ചതു വഴി ഗ്രാമപഞ്ചായത്തിനു നഷ്ടമായ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി പഞ്ചായത്തുഫണ്ടിലൊടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

2. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ആയതിനാൽ 2016-17 മുതലുള്ള ലൈസൻസ് നൽകുന്നതിനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടെയും) ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് എഴുതി സൂക്ഷിച്ച ഡി &ഒ ലൈസൻസ് പെർമിഷൻ രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം

ലൈസൻസിനുള്ള 284 അപേക്ഷകൾ ലഭിച്ചതായി കാണുന്നു.എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര/കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ കാണിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കാത്തതിനാൽ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/22.12.2016) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-4 വസ്തു നികുതി പിരിവിലെ അപാകതകൾ

2015-16 വർഷത്തിലെ വസ്തുനികുതി ഡിമാൻഡ് രജിസ്റ്റർ, കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ, ന്യൂ ബിൽഡിംഗ് രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

1. നിർണ്ണയിച്ച വസ്തു നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയില്ല

താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി 2015-16 വർഷത്തിൽ നിർണ്ണയിച്ചെങ്കിലും ഡിമാൻഡ് ചെയ്ത് ഈടാക്കിയില്ല.

| അസസ്മെന്റ് നം | കെട്ടിട നം | ഉടമയുടെ പേര്, വിലാസം | നിർണ്ണയിച്ച നികുതി | | |
|---|---|---|---|---|---|
| | | | വസ്തു നികുതി | ലൈബ്രറി സെസ് | ആകെ |
| 9334 | 10/ 356A | അശോകൻ<br>അരിമ്പേമ്മൽ, കുനിങ്ങാട് | 504 | 26 | 530 |
| 9182 | 12/173A | സതീഷ് ബാബു<br>താഴെ മൈക്കണ്ടിയിൽ<br>പുറമേരി | 322 | 17 | 339 |
| ആകെ | | | 826 | 43 | 869 |

2. ഡിമാൻഡ് ചെയ്ത നികുതി ഈടാക്കിയില്ല

താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി 2015-16 വർഷത്തിൽ നിർണ്ണയിച്ച് ഡിമാൻഡ് ചെയ്തെങ്കിലും ഈടാക്കിയില്ല.

| അസസ്മെന്റ് നം | കെട്ടിട നം | ഉടമയുടെ പേര്, വിലാസം | ഡിമാൻഡ് ചെയ്ത നികുതി | | |
|---|---|---|---|---|---|
| | | | വസ്തു നികുതി | ലൈബ്രറി സെസ് | ആകെ |
| - | 10/152 A | പ്രവീണ പുതിയോട്ടിൽ<br>അരൂർ | 348 | 18 | 366 |
| 9315 | 10/70 B | അയിശ, കണിയാങ്കണ്ടിയിൽ | 234 | 12 | 246 |
| 9416 | 10/432A | പവിത്രൻ<br>അനിൽ നിവാസിൽ | 615 | 31 | 646 |
| 9257 | 1/230A | രവീന്ദ്രൻ<br>ചാമപ്പറമ്പത്ത് | 642 | 33 | 675 |

| | | | | | |
|---|---|---|---|---|---|
| 9316 | 5/481A | റൗഫ്, ആയിഷ<br>പുളിയുള്ളതിൽ<br>കടമേരി | 788 | 40 | 828 |
| 9312 | 6/244A | അഷ്റഫ്, ചെറുവറ്റക്കുന്നമ്മൽ | 648 | 33 | 681 |
| 9260 | 7/133B | ചന്തു മീത്തലെ കണ്ടോത്ത് | 238 | 12 | 250 |
| 9022 | 8/367A | ഇസ്മയിൽ, അസ്മ<br>നെടിയ പറമ്പത്ത് | 536 | 27 | 563 |
| 9134 | 8/209A | അബ്ദുറഹിമാൻ<br>കാരപ്പറമ്പത്ത് | 68 | 4 | 72 |
| - | 8/14A | തറക്കണ്ടിയിൽ കണ്ണൻ | 235 | 12 | 247 |
| 9261 | 8/201A | ബാബു, വലിയ പറമ്പത്ത്<br>അത്തൂർ | 432 | 22 | 454 |
| 9359 | 9/46A | വലിയ പറമ്പത്ത് നാണു | 293 | 15 | 308 |
| 9356 | 9/351A | പഴന്തൊടി താഴകുനി ബിജിത | 410 | 21 | 431 |
| 9309 | 9/141A | മുഹമ്മദ്, മേത്തറേമ്മൽ | 1501 | 76 | 1577 |
| 9414 | 11/278A | അമ്പുകണ്ടിയിൽ മുഹമ്മദ് | 640 | 32 | 672 |
| 9399 | 15/129A | റഷീദ്, രാമത്ത്, മുതുവടത്തൂർ | 1283 | 65 | 1348 |
| 9188 | 15/117B | വിജയൻ, സവിതാലയം | 398 | 20 | 418 |
| 9182 | 12/173A | സതീഷ് ബാബു, താഴമൈക്കണ്ടിയിൽ | 322 | 17 | 339 |
| 9381 | 16/198A | മുബാറക്, കളാം വീട്ടിൽ | 885 | 45 | 930 |
| 9393 | 17/505A | ജയരാജൻ, കണിയന്റെ പറമ്പത്ത് | 243 | 13 | 256 |
| 9189 | 8/201A | ലിനീഷ്, തയ്യുള്ള പറമ്പത്ത് | 387 | 20 | 407 |
| 9398 | 10/75A | അബ്ദുൾ റസാഖ്<br>ഞള്ളേരി, ചേരാപുരം | 469 | 24 | 493 |

ഡിമാൻഡ് ചെയ്ത നികുതി ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

<u>3. വസ്തു നികുതി വരവിനത്തിൽ 21,85,276/- കുടിശ്ശിക</u>

2015-16 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും ഈടാക്കിയ വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ നിന്നും 17 വാർഡുകളിൽ നിന്നായി 21,85,276/-രൂപ കുടിശ്ശികയിനത്തിൽ(തൻവർഷ കുടിശ്ശിക 10,56,437/- ഉൾപ്പടെ) ഈടാക്കുവാനുണ്ട്. (2015-16 വരെ). വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പിരിച്ചെടുക്കേണ്ട തുക | | പിരിച്ചെടുത്ത തുക | | കുടിശ്ശിക | |
|---|---|---|---|---|---|
| കുടിശ്ശിക | തൻവർഷം | കുടിശ്ശിക | തൻവർഷം | കുടിശ്ശിക | തൻവർഷം |

| | | | | | |
|---|---|---|---|---|---|
| 14,46,846 | 25,12,176 | 3,18,007 | 14,55,739 | 11,28,839 | 10,56,437 |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243(1) പ്രകാരം ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ള തുക ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കാവുന്ന തീയ്യതി മുതൽ മൂന്ന് വർഷം കഴിഞ്ഞാൽ ഈ തുക കാലഹരണപ്പെടും. കാലഹരണപ്പെട്ട തുക ഏതെങ്കിലും ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെങ്കിൽ 12% പലിശ സഹിതം അവരിൽ നിന്നും ഈടാക്കാൻ വകുപ്പ് 243(3)ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ കുടിശ്ശിക തുക കാലതാമസമില്ലാതെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-5 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

2015-16 ഓഡിറ്റിന്റെ ഭാഗമായി അർദ്ധവാർഷിക വരുമാന പത്രികകൾ, ഡിമാൻഡ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അൺ-എയിഡഡ് സ്കൂളുകളിൽ നിന്നും ഈടാക്കുന്ന തൊഴിൽ നികുതിയിൽ കുറവ്

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന താഴെ പറയുന്ന സ്കൂളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

<table>
<tr><th>സ്കൂളിന്റെ പേര്</th><th>അർദ്ധവർഷം</th><th colspan="2">ജീവനക്കാരുടെ എണ്ണം, ഈടാക്കിയ തൊഴിൽനികുതി</th></tr>
<tr><td rowspan="5">ശ്രീനാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പുറമേരി</td><td rowspan="2">2015-16<br>ഒന്നാം അർദ്ധ വർഷം</td><td>1 x 180 = 180</td><td rowspan="2">1,140/-<br>11501101456/<br>14.09.2015</td></tr>
<tr><td>8 x 120 = 960</td></tr>
<tr><td rowspan="3">2015-16 രണ്ടാം അർദ്ധ വർഷം</td><td>1 x 300 = 300</td><td rowspan="3">1860/-<br>1501103415/<br>16.03.2016</td></tr>
<tr><td>8 x 180 = 1,440</td></tr>
<tr><td>1 x 120 = 120</td></tr>
<tr><td rowspan="2">സിയോൺ പബ്ലിക് സ്കൂൾ</td><td>2015-16 ഒന്നാം അർദ്ധ വർഷം</td><td>2 x 120 = 240</td><td>240/-<br>1501101456/<br>14.09.2015</td></tr>
<tr><td>2015-16 രണ്ടാം അർദ്ധ വർഷം</td><td>2 x 120 = 240</td><td>240/-<br>1501103491/<br>26.03.2016</td></tr>
</table>

സ.ഉ(എം.എസ്) 36/2011/G.Edn തീ. 14.02.2011 പ്രകാരം 01.01.2011 മുതൽ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ടീച്ചിംഗ്/നോൺ ടീച്ചിംഗ് വിഭാഗത്തിലെ ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സ്കൂളുകൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ ഈ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയാണ് ജീവനക്കാർക്ക് വേതനം നൽകിയിരിക്കുന്നത്. സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാക്കിയിരുന്നെങ്കിൽ തൊഴിൽ നികുതിയിനത്തിൽ കൂടുതൽ തുക ലഭിക്കുമായിരുന്നു. ഇവിടെ സ്ഥാപനം സമർപ്പിച്ചിരിക്കുന്ന അർദ്ധവാർഷിക വരുമാന പത്രികകളിന്മേൽ ആവശ്യമായ പരിശോധന നടത്തിയതായി

കാണുന്നില്ല. വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

2. തൊഴിൽനികുതി - വാണിജ്യ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്നില്ല

1994 ലെ കേ. പ. രാ നിയമത്തിലെ വകുപ്പ് 205(ബി) പ്രകാരം ഗ്രാമ പഞ്ചായത്ത് നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഏതെങ്കിലും കെട്ടിടത്തിന്റെയോ, ഭൂമിയുടെയോ ഉടമസ്ഥനോടോ അല്ലെങ്കിൽ കൈവശക്കാരനോടോ സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം ആവശ്യപ്പെടാവുന്നതാണ്. ഇതേ നിയമം 205(സി), 205(എഫ്), 1996 ലെകേ.പ.രാ ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുന്നതിനും , ഓരോ അർദ്ധവർഷവും, മെയ് മാസത്തിലും, നവംബർ മാസത്തിലും ഏതൊരു ഓഫീസ് മേധാവിയോടും തൊഴിലുടമയോടും തന്റെ സ്ഥാപനത്തിലെ തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തുന്നതിനും തൊഴിൽ നികുതി അടയ്ക്കുന്നതിനുമായി സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം ആവശ്യപ്പെടാവുന്നതാണ്. ഗ്രാമ പഞ്ചായത്തിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകുന്നുണ്ടെങ്കിലും, വാണിജ്യസ്ഥാപനങ്ങളുടെ കാര്യത്തിൽ ഇത്തരത്തിൽ നോട്ടീസ് നൽകുന്നതായി കാണുന്നില്ല. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നതായും കണ്ടില്ല. ഡി. ആന്റ്. ഒ ലൈസൻസ് ഫീ അടവാക്കുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുകയാണ് ചെയ്യുന്നത്. ഈ പ്രവണത ഒഴിവാക്കി തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺഓവർ കാണിക്കുന്ന പത്രികകൾ സമർപ്പിക്കാൻ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതും, വരുമാന പത്രികയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പ്രവൃത്തി പൂർത്തിയാക്കുന്നതിന് കാലതാമസം - പിഴ ഈടാക്കിയില്ല

താഴെ പറയുന്ന പ്രവൃത്തികൾ അകാരണമായി വൈകിയിട്ടുണ്ടെങ്കിലും കരാറുകാരിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല എന്നു കാണുന്നു.

(1)

പ്രോജക്ട് നമ്പർ : 119/16 പേരോർക്കണ്ടി മടപ്പള്ളി മുക്ക് റോഡ് സോളിംഗ്

പദ്ധതി അടങ്കൽ : 4726/- ( CFC ഗ്രാന്റ് )

95274/- (ലോകബാങ്ക് ധനസഹായം)

100000

സാങ്കേതികാനുമതി: AEE/TBP/14-15 24.2.15

കോൺട്രാക്ടർ : ശ്രീ. കെ.കുമാരൻ

എഗ്രിമെന്റ് : AE/LSGD/PRI/45/14-15 26.3.15

പ്രവൃത്തി സ്ഥലം ഏറ്റെടുത്ത തിയ്യതി : രേഖപ്പെടുത്തിയിട്ടില്ല

കരാർ തുക (LS കിഴിച്ച്) :99134/- രൂപ

ആകെ പ്രവൃത്തി മൂല്യം : 98972/- രൂപ

ചെലവ് 3698/- bill 3215-16/11.3.16

95274/- 33/15-16/11.3.16

98972/- രൂപ

പേരോർക്കണ്ടി മടപ്പള്ളി മുക്ക് റോഡ് സോളിംഗ് 2014-15 വർഷം പ്രോജക്ട് തയ്യാറാക്കുകയും(പഴയ പ്രോജക്ട് ലഭ്യമാക്കിയില്ല) 26.3.15 ന് കരാർ വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എം.ബുക്ക് 149/15-16 പ്രകാരം പ്രവൃത്തി ആരംഭിച്ചത് 3.12.15 നും അവസാനിച്ചത് 28.1.16 നുമാണ്. കരാർ വച്ച് 8 മാസം കഴിഞ്ഞാണ് പ്രവൃത്തി ആരംഭിച്ചത്. കരാറുകാരൻ നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതിന് രേഖാമൂലം കാലാവധി ദീർഘിപ്പിച്ചു കിട്ടുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനോട് അപേക്ഷിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്തെങ്കിലും തരത്തിലുള്ള തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. (എഗ്രിമെന്റിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. ഏക വർഷ പ്രോജക്ടായതിനാൽ പ്രസ്തുത സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു)

1.2.2012 ലെ ജി.ഒ.(പി)13/2012/PWD നമ്പർ പുതുക്കിയ മാന്വൽ പ്രകാരം 1.4.2015 മുതൽ പ്രവൃത്തി പൂർത്തീകരിച്ച 28.1.16 വരെയുള്ള കാലയളവിലേക്ക് ആദ്യ മൂന്നു മാസത്തേക്ക് കരാർ തുകയുടെ 1 ശതമാനവും പിന്നീടുള്ള 6 മാസം 27 ദിവസത്തേക്ക് ഓരോ മൂന്നു മാസത്തിനും 2% വീതവും പിഴ ഈടാക്കേണ്ടതായിരുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| കാലയളവ് | | പിഴ |
|---|---|---|
| മുതൽ | വരെ | |
| 1.4.2015 | 30.6.2015 | 991 |
| 1.7.2015 | 30.9.2015 | 1983 |
| 1.10.2015 | 31.12.2015 | 1983 |
| 1.1.2016 | 28.1.16 | 617 |
| ആകെ | | 5574 |

(2)

പ്രോജക്ട് നമ്പർ : 78/16 മണ്ടോടി മുക്ക് ഗോമാവുള്ള പറമ്പിൽ റോഡ് മെറ്റലിംഗ്

പദ്ധതി അടങ്കൽ : 165637/- ( MG(R)

( പ്രോജക്ട് - 114/15 അടങ്കൽ 475000 വികസനഫണ്ട്+25000 ധനകാര്യകമ്മീഷൻ ഗ്രാന്റ് (ചെലവ്217396)

സാങ്കേതികാനുമതി: AEE/TBP/37 /14-15 തിയ്യതി 7.8.14

കോൺട്രാക്ടർ : ശ്രീ. എം അബ്ദുൾ ഗഫൂർ

എഗ്രിമെന്റ് : 24/14-15/AE/LSGD/PRI 20.1.15

പ്രവൃത്തി സ്ഥലം ഏറ്റെടുത്ത തിയ്യതി : 20.1.15

കരാർ തുക (LS കിഴിച്ച്) :499887/- രൂപ

ആകെ പ്രവൃത്തി മൂല്യം : 499887/- രൂപ

ചെലവ് 165637/- bill 46/15-16/31.3.16 (Final bill)

മണ്ടോടി മുക്ക് ഗോമാവുള്ള പറമ്പിൽ റോഡ് മെറ്റലിംഗ് 2014-15 വർഷം 114/15 പ്രോജക്ട് തയ്യാറാക്കുകയും 20.1.15 ന് കരാർ വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എം.ബുക്ക് 39/14-15 പ്രകാരം പ്രവൃത്തി ആരംഭിച്ചത് കരാർ വച്ച് ഒന്നര മാസം കഴിഞ്ഞ് 2.3.15 നും അവസാനിച്ചത് 10.12.15 നുമാണ്. കരാറുകാരൻ നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതിന് രേഖാമൂലം

കാലാവധി ദീർഘിപ്പിച്ച കിട്ടുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനോട് അപേക്ഷിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്തെങ്കിലും തരത്തിലുള്ള തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. (എഗ്രിമെന്റിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. ഏക വർഷ പ്രോജക്ടായതിനാൽ പ്രസ്തുത സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു)

1.2.2012 ലെ ജി.ഒ.(പി)13/2012/PWD നമ്പർ പുതുക്കിയ മാന്വൽ പ്രകാരം 1.4.2015 മുതൽ പ്രവൃത്തി പൂർത്തീകരിച്ച 10.12.15 വരെയുള്ള കാലയളവിലേക്ക് ആദ്യ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1 ശതമാനവും പിന്നീടുള്ള 2 മാസം 71 ദിവസത്തേക്ക് ഓരോ മൂന്ന് മാസത്തിനും 2% വീതവും പിഴ ഈടാക്കേണ്ടതായിരുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| കാലയളവ് | | പിഴ |
|---|---|---|
| മുതൽ | വരെ | |
| 1.4.2015 | 30.6.2015 | 4999 |
| 1.7.2015 | 30.9.2015 | 9998 |
| 1.10.2015 | 10.12.15 | 7887 |
| ആകെ | | 22884 |

മേൽ രണ്ടു പ്രവൃത്തികളിലും അവസാന ബില്ലിൽ നിന്നും പിഴ കുറവു ചെയതിട്ടില്ല. പ്രവൃത്തിയിൽ അപാകതകളില്ലെന്ന് അസി.എഞ്ചിനീയർ എംബുക്കിൽ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. മേൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിൽ കാലതാമസം വന്നതിന് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാത്തതിനും പിഴ ഈടാക്കാതെ മുഴുവൻ തുകയും നല്കിയതിനും വിശദീകരണം നൽകിയിട്ടില്ല. ആകെ പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 28458 രൂപ അവസാന ബിൽ അനുവദിച്ച നല്കിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ഐആർസി സ്പെസിഫിക്കേഷനു വിരുദ്ധമായി ഡി ആർ പാക്കിംഗ് ചെയ്തു.

ഗ്രാമപഞ്ചായത്ത് 2015-16 വർഷം നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ റോഡിൽ ഡി.ആർ പാക്കിംഗ് നടത്തിയതായി കാണുന്നു.

| പ്രോജക്ട്/അടങ്കൽ/ടിഎസ്/ കരാർ | ഡി ആർ പാക്കിംഗ് നടത്തിയ അളവ് | ഡി ആർ പാക്കിംഗിന് ചെലവായ തുക | ബിൽ നം തിയ്യതി തുക |
|---|---|---|---|
| 54/16 തോലേരിമുക്ക് കളത്തിൽ മുക്ക് റോഡ് അഭിവൃദ്ധി<br>അടങ്കൽ 150000 MG(R)<br>TS – 162/AEE/TBP/15-16/ 10.8.15 | (76.50 മീറ്റർ) 226.55 | 225 x 583.89/m2=<br>131375/- | 20/15-16 30.1.16 149634/- |
| 87/16 കുനാറമ്പത്ത് പീടിക പുത്തൻകുളങ്ങരത്താഴ റോഡ് മെയിന്റനൻസ്<br>അടങ്കൽ 100000 ലോകബാങ്ക്<br>100000 MG(R) | (108.50 മീറ്റർ)<br>94.20m3 | 94.20 x 1432/m3 = 134035 | 26/15-16 /11.3.16 96522/-<br>27/15-16 /11.3.16 |

| | | | |
|---|---|---|---|
| 200000<br>TS 208/AEE/TBP/14-15/30.8.14 | | | 100000/- |
| ആകെ | | 265410 | |

റോഡുകൾ ഡി.ആർ പാക്കിംഗ് ചെയ്യുന്നതിന് പ്രധാനകാരണമായി പറയുന്നത് മണ്ണിനടിയിൽ നിന്നുള്ള ഉറവയാണ്. ഉറവയെടുക്കുന്നതിന് പരിഹാരമായി ഡി.ആർ പാക്കിംഗ് ചെയ്യാമെന്ന് ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ പറഞ്ഞിട്ടില്ല.സബ് ഗ്രേഡ് ബലപ്പെടുത്തിയുള്ള എംബാങ്ക്മെന്റ് നിർമ്മാണവും (embankment)ഡ്രെയിനേജുമാണ് പ്രതിവിധിയെന്ന് ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ 305 നം.ഇനത്തിൽ വിശദീകരിക്കുന്നുണ്ട്. ഐ.ആർ.സി.സ്പെസിഫിക്കേഷൻ-34 -ൽ വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ റോഡുകൾക്കുള്ള സംരക്ഷണം സംബന്ധിച്ചുള്ള കാര്യങ്ങൾ വിശദീകരിക്കുന്നുണ്ട്. മേല്പറഞ്ഞ സ്പെസിഫിക്കേഷനുകളിലൊന്നും തന്നെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു ഡി.ആർ പാക്കിംഗ് പരിഹാരമായി പറയുന്നില്ല. ഈ സ്പെസിഫിക്കേഷനിലും റോഡുകളുടെ സംരക്ഷണത്തിന് ഐ.ആർ.സി.സ്പെസിഫിക്കേഷൻ 305ലേതു പോലെ തന്നെ സബ്ഗ്രേഡു ബലപ്പെടുത്തിയുള്ള എംബാങ്ക്മെന്റ് നിർമ്മാണവും ഡ്രെയിനേജുമാണ് പ്രതിപാദിച്ചിട്ടുള്ളത്.

ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ പ്രതിപാദിച്ചതിനു വിരുദ്ധമായി റോഡ് പ്രവൃത്തി നടത്തിയതിനായുള്ള 265410 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ അസി.എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 റോഡ് കോൺക്രീറ്റിന് അധികം തുക നല്കി

2015-16 വർഷം പൂർത്തിയാക്കിയ താഴെ കൊടുത്ത റോഡ് പ്രവൃത്തിയിൽ ഒരിനം 1:2:4 അനുപാതത്തിൽ 20 മി.മീ മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് ആണ്. ഇതിന് ഒരു ഘനമീറ്ററിന് കരാറുകാർക്ക് 7953.46 രൂപയും കൺവീനർക്ക് 6916.03 രൂപയുമാണ് അനുവദിച്ചത്. ഡൽഹി ഷെഡ്യൂൾ നിരക്ക് 2014 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് കോഴിക്കോടിന്റെ കോസ്റ്റ് ഇൻഡക്സായ 1.3810 ഉൾപ്പെടെയാണ് നിരക്ക് കണക്കാക്കിയത്. റോഡ് കോൺക്രീറ്റിന് എടുക്കേണ്ട ഡി.എസ്.ആർ കോഡ് 4.1.3 ന് പകരം ഫ്ലോറിംഗിന് ഉപയോഗിക്കുന്ന കോഡായ 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് മേൽ കാണിച്ച നിരക്ക് കരാറുകാർക്ക് അനുവദിക്കാനിടയായത്. കോഡ് 4.1.3 പ്രകാരമുള്ള നിരക്ക് അനുവദിച്ചാൽ ഒരു ഘനമീറ്ററിന് 5466.3 രൂപയും അതിന്റെ 1.3810 കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ 7548.96 രൂപയ്ക്ക് മാത്രമേ കരാറുകാരന് അർഹതയുള്ളൂ. കൺവീനർക്ക് 4753.29രൂപയും കോഴിക്കോട് ജില്ലയുടെ കോസ്റ്റ് ഇൻഡക്സ് ആയ 1.381 കൊണ്ട് ഗുണിച്ചാൽ കിട്ടുന്ന 6564.29 രൂപയുമാണ് അർഹത. നിരക്ക് അധികം നൽകിയതിലൂടെ ഈയിനത്തിന് അധികം നൽകിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെപേര്/ പ്രോജക്റ്റ്നം./ എം. ബുക്ക്/ കരാറുകാരന്റെ പേര്/ബിൽ നമ്പർ,തുക | ചെയ്ത ഇനം/വോള്യം | അനുവദിച്ച തുക | അനുവദി ക്കേണ്ട തുക | അധികം |
|---|---|---|---|---|---|
| 1. | 39/16 കിഴക്കയിൽ താഴെ | 1:2:4<br>5.377m3 | @<br>7953.46/m3 | @<br>7548.96/m3 | 2175 |

| | | | | | |
|---|---|---|---|---|---|
| | പുതിയോട്ടിൽ താഴെ ഫുട്പാത്ത്<br>അടങ്കൽ 100000 MG(R)<br>TS 156/AEE /TBP/15-16 10.8.15 100000<br>കരാറുകാരൻ കെ കുമാരൻ<br>എഗ്രിമെന്റ് AE PGP/22/15-16 3.10.15<br>ചെലവ് 98774<br>bill 13/15-16 18.1.16 | | = 42765.75 | =40590.75 | |
| 2 | 129/16 കാട്ടിൽ ലക്ഷം വീട് റോഡ് അഭിവൃദ്ധി<br>അടങ്കൽ 100000 തനത് ഫണ്ട്<br>TS 167/AEE /TBP/2015-16 10.8.15 100000<br>കരാറുകാരൻ കെ.കുഞ്ഞിരാമൻ<br>എഗ്രിമെന്റ് AE/PGP /20/15-16 3.10.15-16<br>ചെലവ് 96690 ചെക്ക് നം. 1407638/26.2.16 | 1:2:4<br>6.075m3 | @<br>7953.46/m3<br>= 48317.26 | @<br>7548.96/m3<br>=45859.93 | 2457 |
| 3 | 58/16 പാതാളംകുന്ന് റോഡ് അഭിവൃദ്ധി<br>അടങ്കൽ<br>297152 വികസന ഫണ്ട് | 1:2:4<br>18.68m3 | @<br>7953.46/m3<br>=<br>148570.63 | @<br>7548.96/m3<br>=141014.57 | 7556 |

| | | | | | |
|---|---|---|---|---|---|
| | 2848 തനത് ഫണ്ട്<br>300000<br>TS 179/AEE /TBP/15-16 3.10.15<br>കരാറുകാരൻ<br>എഗ്രിമെന്റ് AE/PGP /15/15-16 3.10.15<br>ചെലവ് 297068<br>bill 21/15-16 /30.1.16 | | | | |
| 4 | 38/16 കുതിരവട്ടം സ്കൂൾ റോഡ് അഭിവൃദ്ധി<br>അടങ്കൽ 300000 ലോകബാങ്ക്<br>TS 176/AEE /TBP/15-16 10.8.15 300000<br>കരാറുകാരൻ കെ കുമാരൻ<br>എഗ്രിമെന്റ് AE/PGP /21/15-16 3.10.15<br>ചെലവ് 299233<br>bill 10/15-16 /18.1.16 | 1:2:4<br>15.692 | @<br>7953.46/m3<br>=<br>124805.69 | @<br>7548.96/m3<br>=118458.28 | 6347 |
| 5 | 155/16 പുറമേരി മൃഗാശുപത്രി റോഡ് അഭിവൃദ്ധി<br>അടങ്കൽ<br>220000 M.G(R)<br>TS 353/AEE /TBP/15-16 | 1:2:4<br>11.662 | @<br>6916.03/m3<br>=80654.74 | @<br>6564.29/m3<br>=76552.74 | 4102 |

| | | | | | |
|---|---|---|---|---|---|
| | 1.10.15<br>കൺവീനർ മലയിൽ രാജൻ<br>എഗ്രിമെന്റ് AE/PGP /08/15-16 1.10.15<br>ചെലവ് 219513<br>bill 12/15-16 /18.1.16 | | | | |
| 6 | 120/16 പാറേമ്മൽ ലക്ഷം വീട് കോളനി റോഡ്<br>അടങ്കൽ<br>480000 MG(R)<br>TS 354/AEE /TBP/14-15 കൺവീനർ കെ കെ പ്രകാശൻ<br>എഗ്രിമെന്റ് AE/PGP/7/15-16 1.10.15<br>ചെലവ് 192421<br>bill 11/15-16 /18.1.16<br>272789 28/15-16 /11.3.16 | 1:2:4<br>11.437 | @<br>6916.03/m3<br>=79098.64 | @<br>6564.29/m3<br>=75075.78 | 4023 |
| 7 | 123/16 എളമ്പിലായി ക്ഷേത്രം റോഡ്<br>അടങ്കൽ<br>150000 MG(R)<br>TS 153/AEE /TBP/15-16 10.8.15<br>കരാറുകാരൻ പവിത്രൻകുന്നേരി | 1:2:4<br>9.225m3 | @<br>7953.46/m3<br>= 73370.66 | @<br>7548.96/m3<br>=69639.16 | 3732 |

| | | | | | |
|---|---|---|---|---|---|
| | എഗ്രിമെന്റ് AE/PGP /37/15-16 21.11.15<br>ചെലവ് 149677<br>bill 16/15-16 /30.1.16 | | | | |
| | ആകെ | | | | 30392 |

അധികമായി ചെലവഴിച്ച 30392 രൂപ ഉത്തരവാദിയായ അസി.എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് 28.9.15 ന് കോഴിക്കോട് കോർപ്പറേഷൻ/സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവർക്ക് അയച്ച ഡി.ബി4-9099/2015/സി./തസ്വഭവ നമ്പർ കത്തിൽ, ചെറിയ റോഡ് പ്രവൃത്തികൾ അടിയന്തിര മായി ചെയ്യേണ്ടുന്ന പക്ഷം ഡി.എസ്.ആർ.കോഡ് 16.42 പ്രകാരം സി.സി 1:2:4 ചെയ്യാമെന്നും അല്ലാത്തപക്ഷം വാഹനഗതാഗതം ഉള്ള റോഡുകൾക്ക് സി.സി 1:4:8 ന് 10 മുതൽ 15 സെന്റീ മീറ്റർ വരെ ഘനത്തിലും 1:2:4 5 മുതൽ 7.5 സെന്റീമീറ്റർ വരെ ഘനത്തിലുമാണ് ചെയ്യേണ്ടത് എന്ന് വ്യക്തമാക്കുന്നു. എന്നാൽ മേൽ കാണിച്ച റോഡ് പ്രവൃത്തികളിൽ 1:2:4 പരമാവധി ഘനമായ 7.5 സെ.മീറ്ററിൽ ആണ് ചെയ്തത്. വാഹന ബാഹുല്യത്തിന് അനുസൃതമായിരിക്കണം 1:2:4 ന്റെ ഘനത്തിലുള്ള വ്യതിയാനമെന്ന് ചീഫ് എഞ്ചിനീയർ വ്യക്തമാക്കിയ സാഹചര്യത്തിൽ ഇവിടെ പരമാവധി ഘനത്തിൽ കോൺക്രീറ്റ് ചെയ്തതിന് സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 3-4 മണ്ണ് ഫിൽ ചെയ്ത് ക്വാറിമക്ക് വിതറൽ ആധികാരികതയില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികളിൽ ഗ്രാനുലാർ സബ് ബേസ് ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ, മണ്ണ് ഫിൽ ചെയ്ത് ഉറപ്പിച്ചതിന് മുകളിൽ 10 സെ.മീ.കനത്തിൽ ക്വാറിമക്ക് വിതറൽ മാത്രം നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ്എഞ്ചിനീയരുടെ 16.1.2012 ലെ ഡി-ബി4-7462/2012 /സി.ഇ.തസ്വഭവ കത്തിൽ റോഡിന്റെ വെള്ളക്കെട്ടുള്ള ഭാഗത്ത് മണ്ണിന്റെ ഘടനയ്ക്ക് അനുസരിച്ച് സബ് ബേസ് ബലപ്പെടുത്തേണ്ടതാണ് എന്നും, സബ് ഗ്രേഡ് സോയിലിന്റെ ബിയറിംഗ് കപ്പാസിറ്റി കുറവാണെങ്കിൽ ആയത് ബലപ്പെടുത്തണമെന്നും വ്യക്തമാക്കുന്നു. ക്ലെ സോയിൽ ആണെങ്കിൽ ആയത് നീക്കം ചെയ്ത് ഗ്രാനുലാർ സോയിൽ നിറക്കേണ്ടതാണ്. ഗ്രാനുലാർ സബ് ബേസ് ഉപയോഗിക്കുകയാണെങ്കിൽ കോംപാക്ടും, കൺസോളിഡേറ്റഡ് ആയ സബ് ബേസ് ലഭിക്കുന്നതാണ് എന്ന് വ്യക്തമാക്കുന്നു. ഇതെല്ലാം ഐ.ആർ.സി സ്പെസിഫിക്കേഷൻ അനുസരിച്ചായിരിക്കണം നടത്തേണ്ടതെന്നും, സ്പെസിഫിക്കേഷനിലെ ന്യൂനതകൾ ഗുരുതരമായി കണക്കാക്കപ്പെടുമെന്നും വ്യക്തമാക്കുന്നു. എന്നാൽ ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ ക്വാറിമക്ക് ഫില്ലിംഗ് നല്ല ഒരു ഗ്രാനുലാർ സബ് ബേസ് അല്ല. സ്പെസിഫിക്കേന് വിരുദ്ധമായി പ്രവൃത്തി ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്. ക്വാറിമക്ക് ഫിൽ ചെയ്തതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നമ്പർ/എം.ബുക്ക്/ കരാറുകാരന്റെ പേര്/ബിൽ നമ്പർ | ചെയ്ത ഇനം /അളവ് | അനുവദിച്ച തുക |
|---|---|---|---|
| 1 | 139/16 അരൂർ മിനിസ്റ്റേഡിയം റോഡ് അഭിവൃദ്ധി അടങ്കൽ 150000 തനത് ഫണ്ട് TS-157/AEE/TBP/15-16/10.8.15 എം.ബുക്ക് 143/15-16 ചെലവ് 140559 ചെക്ക് - | (55മീറ്റർ) 24.80m3 | 24.80 x 1248/m3 = 29556.32 |

| | | | |
|---|---|---|---|
| | 1407626/26.2.16 | | |
| 2 | 42/16 ചാത്തോത്ത് സ്കൂൾ റോഡ് അഭിവൃദ്ധി അടങ്കൽ 300000 ധനകാർകമ്മീഷൻ ഗ്രാന്റ് TS-154/AEE /TBP/15-16 10.8.15 കരാറുകാരൻ എ.മമ്മു എം.ബുക്ക് 53-14-15 ചെലവ് 299306 ബിൽ - 22/15-16/30.1.16 | (75 മീറ്റർ) 57.75 m3 | 57.75 x 1248/m3= 72072 |
| | | | 101628 |

മേൽ റോഡുകളിൽ മണ്ണ് ഫിൽ ചെയ്ത് അതിനു മുകളിൽ ക്വാറിമക്ക് വിതറുന്ന പ്രവൃത്തി മാത്രമാണ് നടത്തിയത്. ഇത്തരത്തിൽ സ്പെസിഫിക്കേഷന് വിരുദ്ധമായി പ്രവൃത്തി ചെയ്തതിനുണ്ടായ 101628/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ അസി.എഞ്ചിനീയർ, സാങ്കേതികാനുമതി നല്കിയ അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 എസ് സി വിഭാഗം പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനർഹർക്ക് നല്കി

പ്രോജക്റ്റ് - എസ് സി വിഭാഗം പെൺകുട്ടികൾക്ക് വിവാഹ ധനസഹായം

നിർവ്വഹണം അസി.സെക്രട്ടറി

അടങ്കൽ 300000 എസ് സി പി

ചെലവ് 250000

പ്രതിവർഷം 50000/- രൂപയിൽ കുറവ് വരുമാനമുള്ള എസ് സി കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹധനസഹായമായി 50000/- രൂപ നല്കാനാണ് പ്രോജക്റ്റ് ലക്ഷ്യമിട്ടത്.

മേൽ പ്രോജക്റ്റിന്റെ ഭാഗമായി കുമാരി. രസ്ന.എ.ടിയുടെ വിവാഹത്തിനായി പിതാവ് ആലക്കൽ താഴെ രാജന് 50000/- രൂപ ധനസഹായം നല്കിയിട്ടുണ്ട്. (ട്രഷറി ബിൽ നം. 4/15-16/25.9.15) ഫയലിനോടൊപ്പമുള്ള രേഖകളിൽപ്പെട്ട റേഷൻ കാർഡ് പകർപ്പിൽ ശ്രീ.ആലക്കൽ താഴെ രാജൻ ഗവൺമെന്റ് ജീവനക്കാരനാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

16.11.13 ലെ ജിഒ (എംഎസ്) 362/2013/തസ്വഭവ സബ്സിഡി മാർഗ്ഗരേഖയിലെ അനുബന്ധം 16 ഖണ്ഡിക 2.14.1 പ്രകാരം സർക്കാർ, അർദ്ധസർക്കാർ എന്നിവയിലെ ജീവനക്കാർ, പെൻഷണർമാർ എന്നിവരെ 50000/- രൂപയ്ക്ക് താഴെ വരുമാനമുള്ളവരായി കണക്കാക്കാൻ പറ്റില്ല എന്നു പറയുന്നുണ്ട്.

മേൽ ഉത്തരവിലെ അനുബന്ധം 16 ഖണ്ഡിക 6.5((1) പ്രകാരം 50000 പ്രതിവർഷ വരുമാന പരിധിയിലുള്ളവർക്കാണ് മേൽ ധനസഹായത്തിന് അർഹത. മേൽ നിബന്ധനകളനുസരിച്ച് ശ്രീ.രാജൻ ധനസഹായത്തിന് അനർഹനാണ്.

അനർഹരായവർക്ക് ധനസഹായം അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവു തുക 50000/- രൂപ ഉത്തരവാദിയായ അസി. സെക്രട്ടറിയിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 3-6 ഗുണഭോക്തൃ സമിതി നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃത നിബന്ധനകൾ പാലിക്കുന്നില്ല.

പഞ്ചായത്തു രാജ് സ്ഥാപനങ്ങൾ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതുമായി ബന്ധപ്പെട്ട

വ്യവസ്ഥകൾ 1997 ലെ കേരള പഞ്ചായത്തു രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ, 1999ൽ സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗരേഖ എന്നിവയനുസരിച്ച് ഗുണഭോക്തൃ സമിതി വഴി പ്രവൃത്തി നടത്താൻ തീരുമാനിച്ചു കഴിഞ്ഞാൽ പ്രസ്തുത പൊതുമരാമത്തു പ്രവൃത്തി നടപ്പാക്കുന്നതുമൂലം പ്രയോജനം ലഭിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ ഒരു യോഗം ബന്ധപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും നോട്ടീസ് നൽകിക്കൊണ്ട് പ്രസ്തുത പണിയുടെ ചുമതലയുള്ള നിർവ്വഹണോദ്യോഗസ്ഥൻ, വിളിച്ചു കൂട്ടേണ്ടതും വാർഡ് പ്രതിനിധിയുടെ അധ്യക്ഷതയിലുള്ള ഈ യോഗത്തിൽ വച്ച് 15 ൽ കവിയാതെയും 7 ൽ കുറയാതെയുമുള്ള അംഗങ്ങളടങ്ങുന്ന ഒരു എക്സിക്യൂട്ടിവ് കമ്മിറ്റി രൂപീകരിക്കേണ്ടതുമാണെന്നും ഇതിൽ മൂന്നിലൊന്നു ഭാഗം വനിതകളായിരി ക്കേണ്ടതാണെന്നും ഒരു കൺവീനറുണ്ടായിരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു (ചട്ടം 13(2). ചട്ടം 13(3) പ്രകാരം ഗുണഭോക്തൃ സമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്തു പണിയുടെ കാര്യത്തിൽ ബിനാമി ഇടപാട് പാടില്ലാത്തതും ബിനാമി ഇടപാട്ട് വെളിപ്പെടുന്ന പക്ഷം അതിനു കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കപ്പെടുന്നതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഗുണഭോക്തൃ സമിതികൾ മുഖേന നടത്തുന്ന പ്രവൃത്തികളുടെ കാര്യത്തിൽ അവയുടെ തൃപ്തികരമായ പൂർത്തീകരണം ഉറപ്പു നൽകിക്കൊണ്ട് പഞ്ചായത്തുമായി കൺവീനർ കരാർ വയ്ക്കേണ്ടതും ഇപ്രകാരം കരാർ വയ്ക്കാൻ കൺവീനറെ അധികാരപ്പെടുത്തിക്കൊണ്ടും നിർവഹണത്തിലുണ്ടാകുന്ന വീഴ്ച മൂലമുണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദിത്വം എറ്റെടുത്തുകൊണ്ടും സമിതിയംഗങ്ങൾ ഒരു സമ്മതപത്രം പഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ് (ചട്ടം 13(4). പ്രവൃത്തി പൂർത്തീകരണത്തിൽ സമിതിയുടെ വരവു ചെലവ് സംബന്ധിച്ച കണക്കുകളും ഗുണഭോക്തൃസമിതിയുടെ മിനിട്സ് ബുക്കു, മസ്റ്റർ റോളുകൾ തുടങ്ങി എല്ലാ രേഖകളും സമിതി അംഗീകരിച്ചതു പ്രകാരം സെക്രട്ടറിക്കു സമർപ്പിക്കേണ്ടതുമാണ്. പണമിടപാടുകൾ ഗുണഭോക്തൃ സമിതികളുടെ കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിൽ കൂടിയായിരിക്കേണ്ടതുമാണ്. ചട്ടം 17(1,2,) എന്നിവ പ്രകാരം പൊതുമരാമത്തു പ്രവൃത്തികളുടെ വിവരം ഗ്രാമ സഭയുടെ അറിവിലേക്കായി ഗ്രാമസഭയുടെ അടുത്ത യോഗത്തിൽ അറിയിക്കേണ്ടതാണ്. ജി.ഒ.(എം.എസ്) 362/2012 തസ്വഭവ തീ. 16.11.13 അനുബന്ധം 16 ഖണ്ഡിക 7.11 പ്രകാരംഒരു പ്രവൃത്തി ചെയ്യാനുള്ള സാമ്പത്തിക ശേഷിയും സാങ്കേതിക-സംഘടനാ പരിചയവും ഉണ്ടോ എന്ന് പരിശോധിച്ചുറപ്പു വരുത്തിയശേഷം മാത്രമേ ഗുണഭോക്തൃസമിതികളെ പ്രവൃത്തികളെ ഏൽപ്പിക്കാവൂ എന്നും നിർദ്ദേശിക്കുന്നു. കേരള പഞ്ചായത്തു രാജ് ചട്ടങ്ങളിലെ ചട്ടം 3എ(ഐ) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തു വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃ സമിതികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക ഗ്രാമസഭയുടെ അധികാരത്തിൽപ്പെട്ട കാര്യമാണ്. അതുപോലെതന്നെ ചട്ടം 3(2) പ്രകാരം ഗ്രാമസഭയുടെ പ്രദേശത്ത് നടപ്പിലാക്കിയതോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതോ ആയ പണികളുടെ എസ്റ്റിമേറ്റിന്റെയും അതിന്റെ സാമഗ്രികളുടെ ചെലവിന്റെ വിശദാംശങ്ങളെക്കുറിച്ചും അറിയാൻ ഗ്രാമസഭയ്ക്ക് അവകാശമുണ്ടായിരിക്കുന്നതുമാണ്. മരാമത്തു പ്രവൃത്തികൾ സംബന്ധിച്ചും കൺവീനര്

മാരെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണെങ്കിലും ഒരു വാർഡ് ഗ്രാമ സഭയിൽ പോലും ഇത്തരം വിവരങ്ങൾ അറിയിച്ചിട്ടില്ല.

ഏതാനും പ്രവൃത്തികളുടെ ഫയലിൽ മിനിട്സ് ബുക്കുകളുടെ കൺവീനറെ തെരഞ്ഞെടുത്ത പേജിന്റെ പകർപ്പു മാത്രം സൂക്ഷിച്ചുള്ളതായി കണ്ടു. പ്രവൃത്തിയുടെ വിവരങ്ങൾ ചർച്ച ചെയ്ത വിവരമില്ല. മാർഗ്ഗരേഖ പ്രകാരം എഞ്ചിനീയർമാർ രേഖപ്പെടുത്തുന്ന അളവുകൾക്കനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാറുടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ് ഗുണഭോക്തൃസമിതിക്ക് അർഹമായ തുക. എന്നാൽ പഞ്ചായത്തിൽ 2015-16 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ മേൽപ്പറഞ്ഞ രേഖകളൊന്നും തന്നെ സൂക്ഷിച്ചിട്ടില്ല. വരവു ചെലവു കണക്ക്, മസ്റ്റർ റോൾ, ബാങ്ക് അക്കൗണ്ടിന്റെ വിവരം, മിനിട്സ് ബുക്ക് എന്നിവയൊന്നും ഇല്ലാതെ തന്നെ പ്രവൃത്തികൾ നടത്തിക്കുകയും കരാറുകാർ നടത്തുന്ന പ്രവൃത്തികളുടെ തുക നൽകുന്ന രീതിയിൽ ബില്ലുകൾ പാസാക്കി തുക നൽകുകയും ചെയ്തു.

| ക്രമ | പ്രോജക്ട്/അടങ്കൽ / ടിഎസ്/കൺവീനർ | ചെലവ് | ബിൽ/ചെക്ക് |
|---|---|---|---|

| | | | |
|---|---|---|---|
| നം | എഗ്രീമെന്റ് | | |
| 1. | 155/16 പുറമേരി മൃഗാശുപത്രി റോഡ് അഭിവൃദ്ധി<br>അടങ്കൽ 220000 M.G(R)<br>TS 353/AEE/TBP/15-16 1.10.15<br>കൺവീനർ മലയിൽ രാജൻ<br>എഗ്രിമെന്റ് AE/PGP/08/15-16 1.10.15 | 219513 | bill 12/15-16/18.1.16 |
| 2 | 87/16 കുനാറമ്പത്ത് പീടിക പുത്തൻകുളങ്ങരത്താഴ റോഡ് മെയിന്റനൻസ്<br>അടങ്കൽ 100000 ലോകബാങ്ക്<br>100000 MG(R)<br>200000<br>എഗ്രിമെന്റ് AE/LSGD/PRI/27/14-15 21.2.15<br>കൺവീനർ അനീഷ് പുത്തൻകുളങ്ങര<br>TS 208/AEE/TBP/14-15/30.8.14 | 96522/-<br>100000/- | 26/15-16/11.3.16<br>27/15-16/11.3.16 |
| 3 | 156/16 കോറോത്ത് മുക്ക് കുറ്റിക്കാട്ടിൽ റോഡ് പൂർത്തീകരണം<br>അടങ്കൽ 142000 തനത് ഫണ്ട്<br>കൺവീനർ വി പി പ്രദീപൻ<br>എഗ്രിമെന്റ്AE/PGP/38/15-16 16.1.16<br>TS 355/AEE/TBP/15-16/1.10.15 | 137180 | ചെക്ക് 1407650 28.3.16 |
| 3 | 113/16 കോറോത്ത് മുക്ക് കുറ്റിക്കാട്ടിൽ റോഡ് പൂർത്തീകരണം<br>അടങ്കൽ 250000 ധനകാര്യകമ്മീഷൻ<br>കൺവീനർ നാണു ഓളവിൽ താഴെക്കുനി<br>എഗ്രിമെന്റ്AE/LSGD/PRY/27/13-14 18.2.14<br>TS 345/AEE/TBP/2013-14/18.1.14 275000 | 249687 | 39/15-16 31.3.16 |

| | | | |
|---|---|---|---|
| 4 | കൊല്ലനാണ്ടിത്താഴ ഫുട്പാത്ത് 69/16<br>അടങ്കൽ 100000 വികസന ഫണ്ട്<br>കൺവീനർ രാഹുൽരാജ് കൊല്ലനാണ്ടി വീട്ടിൽ<br>എഗ്രിമെന്റ് AE/LSGD/PRI/26/14-15 21.2.15<br>TS 209/AEE/TBP/2014-15/30.8.14 100000 | 99490 | 1/15-16 27.6.15 |
| 5 | നട്ടക്കണ്ടിത്താഴ ഫുട്പാത്ത് 70/16<br>അടങ്കൽ 100000 വികസന ഫണ്ട്<br>കൺവീനർ രജീഷ് നട്ടക്കണ്ടി<br>എഗ്രിമെന്റ് AE/LSGD/PRI/29/14-15 21.2.15<br>TS 380/AEE/TBP/2014-15/30.10.14 100000 | 99996 | 2/15-16 27.6.15 |
| 6 | 42 നമ്പർ അംഗൻവാടി ടോയ് ലറ്റ് നിർമ്മാണം 85/16<br>അടങ്കൽ 80000 MG(NR)<br>കൺവീനർ ബാബു കാട്ടിൽ മുതുവത്തൂർ<br>എഗ്രിമെന്റ് AE/LSGD/PRI/48/14-15 26.3.15<br>TS 454/AEE/TBP/2014-15/25.3.15 53500 | 48446 | 55/15-16 31.3.16 |
| 7 | തയ്യിൽമുക്ക് - നെല്ലോളിത്തറമ്മൽ റോഡ് സോളിംഗ് 86/16<br>അടങ്കൽ 130000 MG(R)<br>കൺവീനർ ബാബു കാട്ടിൽ മുതുവത്തൂർ<br>എഗ്രിമെന്റ് AE/LSGD/PRI/43/14-15 26.3.15<br>TS 34/AEE/TBP/14-15/7.8.14 130000 | 129160 | 43/15-16 31.3.16 |
| | | 1179994 | |

അപാകതകളുടെ അടിസ്ഥാനത്തിൽ 1179994/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-7 പത്രപരസ്യത്തിന് അധിക നിരക്ക് അനുവദിച്ചു, ടെണ്ടർ നടപടികൾ

## സ്വീകരിക്കാതെ പ്രിന്റിംഗ് പ്രവൃത്തികൾ നടത്തി

നിർവ്വഹണം - സെക്രട്ടറി

പ്രോജക്ട് നം- 3 / 2015-16 പദ്ധതി നിർവ്വഹണം

അടങ്കൽ- 135000 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

50000 തനത് ഫണ്ട്

185000

ചെലവ് - 130857 ധനകാര്യകമ്മീഷൻ ഗ്രാന്റ്

49500 തനത് ഫണ്ട്

180357

2015-16 വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി ടെണ്ടർ പരസ്യങ്ങൾ നല്കുന്നതിനും ഫോറങ്ങളുടെയും മറ്റും അച്ചടിക്കും തുക നൽകുന്നതിനാണ് മേൽ പ്രോജക്ട് ആവിഷ്കരിച്ചത്. പദ്ധതി നടത്തിപ്പിൽ താഴെ പറയും വിധം അപാകങ്ങളുണ്ടായി.

1. മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികളുടെ ടെണ്ടർ പരസ്യം പത്രങ്ങളിൽ നല്കുന്നതിനായി സമർപ്പിച്ചിട്ടുള്ള ബില്ലുകൾ പത്ര പരസ്യങ്ങൾ എന്നിവ പരിശോധിച്ചതിൽ പത്ര പരസ്യത്തിന് നിരക്ക് അനുവദിക്കുന്നത് കോളം അടിസ്ഥാനത്തിലല്ല എന്ന് കാണുന്നു. ജി.ഒ. (ആർടി.)1/11/ I & PRD/04-01-11 , ജി.ഒ.(ആർടി.)253/13/ I & PRD/11-06-13, ജി.ഒ.(ആർടി.)1/13/ I & PRD /22-01-13 എന്നീ ഉത്തരവുകൾ പ്രകാരം ABC സർക്കുലേഷനില്ലുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നിരക്കുകൾ പരിഷ്കരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം പരസ്യത്തിന്റെ ഉയരം സെന്റീ മീറ്ററിലും വീതി കോളം അടിസ്ഥാനത്തിലും കണക്കാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇവിടെ പരസ്യത്തിന്റെ വീതിയും സെന്റീ മീറ്ററിലാണ് ഗവർമെന്റ് സ്ഥാപനങ്ങൾക്ക് കാണിച്ചിട്ടുള്ളത് 15% ഇളവ് അനുവദിക്കണ മെന്നുണ്ട്. ഈ ഇളവും ലഭ്യമാക്കിയിട്ടില്ല.

| പത്രം പരസ്യ തിയ്യതി | അനുവദിച്ചതുക | ബിൽ നമ്പർ തിയ്യതി |
|---|---|---|
| മാതൃഭൂമി പത്രം 60665271/ 30.7.15 | 8 സെ.മീ. വീതി x 6 സെ.മീ. നീളം =48 x 192 (നിരക്ക്) = 9216 രൂപ | 15616 4/ 15-16/ 15.9.15 |
| ദേശാഭിമാനി 2015076841/ 29.7.15 | 8 സെ.മീ. വീതി x 2 സെ.മീ. നീളം 6400 നിരക്ക് വ്യക്തമല്ല) | |
| ദേശാഭിമാനി 2015093320/ 13.9.15 | 8 x 4 9760 നിരക്ക് വ്യക്തമല്ല | 20740 14/15-16/ 25.9.15 |
| ദേശാഭിമാനി 2015080154/ | 9 x 4 നിരക്ക് വ്യക്തമല്ല 10980 | |

| | | |
|---|---|---|
| 24.8.15 | | |
| മാതൃഭൂമി 60696337/ 14.9.15 | 8 സെ.മീ. വീതി x 8 സെ.മീ. നീളം<br>=64 x 192 (നിരക്ക്) = 12288 രൂപ | 27648 15/15-16/ 13.10.15 |
| മാതൃഭൂമി 60683722/ 25.8.15 | 8 സെ.മീ. വീതി x 10 സെ.മീ. നീളം<br>=80 x 192 (നിരക്ക്) = 15360 രൂപ | |
| മാതൃഭൂമി 60777577/ 21.1.16 | 8 സെ.മീ. വീതി x 10 സെ.മീ. നീളം<br>=80 x 192 (നിരക്ക്) = 15360 രൂപ | 35160 24/15-16 /26.2.16 |
| ദേശാഭിമാനി<br>2015080154/ 24.8.15 | 12 x 4<br>146.4<br>നിരക്ക് വ്യക്തമല്ല = 14640 | |
| മാതൃഭൂമി 60806289/5.3.16 | 3.90 സെ.മീ. വീതി x 6 സെ.മീ. നീളം<br>=23.4 x 192 (നിരക്ക്) = 4492 രൂപ | 4493 31/15-16/ 21.3.16 |
| ആകെ | 98406 | |

മേൽ ചാർജ്ജുകൾ നിർണ്ണയിച്ച വിധം പത്ര സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ലഭ്യമാക്കേണ്ടതും സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിരുദ്ധമായി പരസ്യ ചാർജിനത്തിൽ അധികം തുക ചെലവഴിച്ചത് കണക്കാക്കേണ്ടതുമാണ്.

2) പദ്ധതി പ്രവർത്തനങ്ങളുടെ പ്രിന്റിംഗ് ജോലികൾ ചെയ്യുന്നതിനായി കല്ലാച്ചിയിലുള്ള പെർഫെക്ട് പ്രിന്റേഴ്സിന് താഴെ കാണിച്ച വിധം തുകകൾ നല്കിയിട്ടുണ്ട്.

| | | |
|---|---|---|
| വിവിധ രേഖകളുടെയും ഗ്രാമസഭാ അറിയിപ്പുകളുടെയും പ്രിന്റിംഗ് ഇൻവോയ്സ് 298/16.7.15 | 27200 | bill 1/15-16/1.8.15 |
| വർക്കിംഗ് ഗ്രൂപ്പ് യോഗ അറിയിപ്പ് മറ്റ് രേഖകൾ<br>ഇൻവോയ്സ് | 5160 | Bill24/15-16 /26.2.16 |
| വികസന രേഖ 3000 കോപ്പി മൾട്ടികളർ | 49500 | vr. 21500579/ |

| | | |
|---|---|---|
| ഇൻവോയ്സ് 166/19.10.15 | | 29.10.15 |
| ആകെ | 81860 | |

പ്രിന്റിംഗ് ജോലികൾക്കായി ടെണ്ടർക്ഷണിച്ചതിന്റെയോ മേൽസ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെയോ രേഖകൾ ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല. സ്ഥാപനവുമായി കരാർ വച്ചിട്ടില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 81860/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 തെരുവു വിളക്ക് അറ്റകുറ്റപ്പണി - അപാകതകൾ

പ്രോജക്ട് 150/16 തെരുവു വിളക്ക് അറ്റകുറ്റപ്പണി

അടങ്കൽ 81380 വികസന ഫണ്ട്

18620 തനത് ഫണ്ട്

100000

ചെലവ് 52830 വികസന ഫണ്ട് ബിൽ 12/15-16/13.10.15

2015-16 വർഷത്തെ തെരുവു വിളക്ക് അറ്റകുറ്റപ്പണിക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുക എന്നതാണ് പ്രോജക്ട് ലക്ഷ്യം. ആയതിനായി 52830 രൂപ ചെലവഴിച്ച ക്രൂസിൽ നിന്നും താഴെ പറയും വിധം സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| 11 watts 4 pin CFL | 100 | 84.76+5%vat | 8899.80 |
| 36 watts CFL | 20 | 131.43+5%vat | 2760.03 |
| CFL LDR light resister | 50 | 36.68+14.5% | 20.99.93 |
| 22 watts CFL streetlight ballast | 75 | 337.99+14.5% | 29024.89 |
| Electronic Choke for 36 Watts | 20 | 263.76+14.5% | 6040.10 |
| Autonmatic input PCB for 36 watts CFL | 15 | 233.19+14.5% | 4005.04 |
| | | | 52829.79 |

തെരുവു വിളക്ക് അറ്റകുറ്റപ്പണി ക്രൂസ് തന്നെയാണ് നടത്തിയത്. ആയതിനായി സൂക്ഷിച്ച രജിസ്റ്റർ പ്രകാരം ക്രൂസ് ടെക്നീഷ്യനായ മുഹമ്മദ് ഷമീർ 61(38+23) തെരുവു വിളക്കുകൾ റിപ്പയർ ചെയ്തതായി രേഖപ്പെടുത്തി ഒപ്പു വച്ചിട്ടുണ്ട്. മെമ്പർമാർ നല്കിയ സാക്ഷ്യ പത്ര പ്രകാരം 73 എണ്ണവും സെക്രട്ടറി ക്രൂസിനയച്ച കത്തു പ്രകാരം (ബി2/3982/14 28.2.15) 74 എണ്ണവും റിപ്പയർ ചെയ്തിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നടത്തുന്നതിനു

മുൻപ് ക്രൂസുമായി എഗ്രിമെന്റ് വയ്ക്കുകയോ ആകെ ആവശ്യമുള്ള ഉപകരണങ്ങൾ നിർണ്ണയിക്കുകയോ ചെയ്തില്ല.

ഴിഞ്ഞും ഉപയോഗിച്ചില്ല.) തെരുവു വിളക്കുകളുടെ ആകെ എണ്ണവും അറ്റകുറ്റപ്പണികൾ ആവശ്യമുള്ള വിളക്കുകളുടെ എണ്ണവും അറ്റകുറ്റപ്പണി ചെയ്തതിന്റെ വിവരവും കെഎസ്ഇബിയിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിലും ഭൗതിക പരിശോധന നടത്തിയിലും മേൽ സാധനങ്ങൾ ഒന്നു പോലും ഉപയോഗിച്ചിട്ടില്ലെന്ന കണ്ടു. ( ഒരു വർഷം മാത്രം വാറണ്ടിയുള്ള മേൽ ഉപകരണങ്ങൾ ഒരു വർഷം കഴിഞ്ഞും ഉപയോഗിച്ചില്ല.) തെരുവു വിളക്കുകളുടെ ആകെ എണ്ണവും അറ്റകുറ്റപ്പണികൾ ആവശ്യമുള്ള വിളക്കുകളുടെ എണ്ണവും അറ്റകുറ്റപ്പണി ചെയ്തതിന്റെ വിവരവും കെഎസ്ഇബിയിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങിയിട്ടില്ല. മേൽ ഉപകരണങ്ങൾ തുടർ വർഷങ്ങളിൽ ഉപയോഗപ്പെടുത്തിയെന്നും പഞ്ചായത്തിന് നഷ്ടം വന്നിട്ടില്ലെന്നും സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. ആവശ്യകത നിർണ്ണയിക്കാതെ പദ്ധതി രൂപീകരിച്ച് ഉപകരണങ്ങൾ വാങ്ങിയതും വാറണ്ടി കാലാവധി കഴിയുന്നതു വരെ ഉപയോഗപ്പെടുത്താതിരുന്നതും ക്രമപ്രകാരമുള്ള നടപടിയല്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 <u>പദ്ധതി നടത്തിപ്പിൽ ആശ്രയ ഗുണഭോക്താക്കളെ പരിഗണിക്കുന്നില്ല</u>

ഗ്രാമപഞ്ചായത്തിലെ നിരാലംബരും നിരാശ്രയരും അടിസ്ഥാന ജീവിതോപാധികൾ നിഷേധിക്കപ്പെട്ടവരുമായ കുടുംബങ്ങൾക്ക് ഭൂമി, വീട്, കക്കൂസ്, തൊഴിൽ, കുടിവെള്ളം, ഭക്ഷണം, ചികിൽസ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ആശ്രയ. ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ ഉൾപ്പെടുത്തി അഗതി കുടുംബങ്ങൾക്കുവേണ്ടി തയ്യാറാക്കുന്ന ആശ്രയ പ്രൊജക്ട് പ്രകാരം അശരണരായ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തി ഇവരെസമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 2013-16ലെ ഒന്നാംഘട്ട ആശ്രയ ലിസ്റ്റ് പ്രകാരം ആകെ 46 അഗതി കുടുംബങ്ങളും 2014-17 രണ്ടാംഘട്ട ലിസ്റ്റ് പ്രകാരം ആകെ 66 അഗതി കുടുംബങ്ങളുമുണ്ട്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനായി ഭൂമി, വീട്, കുടിവെള്ളം, കക്കൂസ് എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം | റിമാർക്സ് |
|---|---|---|---|
| പ്രൊജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ | 46 | 66 | |
| പ്രൊജക്ട് പ്രകാരം വീടുവയ്ക്കാൻ | ഇല്ല | 2 | 2016-17 വർഷം ഒരു ഗുണഭോക്താവിന് ഭൂമി |

| | | | |
|---|---|---|---|
| സ്ഥലം ആവശ്യമുള്ളവർ | | | വാങ്ങി നൽകുന്നുണ്ട് എന്ന് അറിയിച്ചു. |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല | |
| പ്രൊജക്ടുപ്രകാരം വീട് ആവശ്യമുള്ളവർ | 6 | 13 | |
| നാളിതുവരെ ലഭിച്ചവർ | 6 | 1 | |
| വീട് റിപ്പയർ ആവശ്യമുള്ളവർ | ഇല്ല | 22 | |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല | |
| കക്കൂസ് ആവശ്യമുള്ളവർ | 3 | 24 | |
| നാളിതുവരെ ലഭിച്ചവർ | 3 | 24 | |
| കുടിവെള്ളം ആവശ്യമുള്ളവർ | 7 | 22 | ജലനിധി പദ്ധതിയിൽ എല്ലാ ഗുണഭോക്താക്കളെയും ഉൾപ്പെടുയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട് |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല | |

സ.ഉ (എം എസ്) 362/2013 ത.സ്വ.ഭ.വ തീ.16.11.2013 അനുബന്ധം 14 ഖ. 6.7(i) പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവ് അനുബന്ധം 14 ഖ. 6.8 (i); അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. (ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

അനുബന്ധം 16 ഖണ്ഡിക 7.18 പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ആശ്രയ പരിപാടി പ്രകാരം കണ്ടെത്തിയ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് സ്ഥലം നൽകൽ, ഭവന നിർമ്മാണം, വീടിന്റെ പുനരുദ്ധാരണം, കക്കൂസുകളുടെ നിർമ്മാണം, വീട് വൈദ്യുതീകരണം, എന്നീ ആനുകൂല്യങ്ങൾ നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആശ്രയ കുടുംബങ്ങളുടെ സാമൂഹ്യമായ ഒറ്റപ്പെടൽ ഇല്ലാതാക്കുന്നതിനും, വിദ്യാഭ്യാസം, ആരോഗ്യ സുരക്ഷ, പെൻഷനുകൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം, കുടിവെള്ളം ലഭ്യമാക്കൽ, വസ്ത്രം, കക്കൂസ് നിർമ്മാണം തുടങ്ങി വിവിധ മേഖലകളിലൊക്കെ ക്രിയാത്മകമായി ഇടപെടാമായിരുന്നെങ്കിലും അത്തരം പ്രവർത്തനങ്ങൾ നടത്താതെ പ്രവർത്തനം കേവലം ഭക്ഷണ വിതരണത്തിലൊതുക്കുകയാണ്. ആശ്രയപദ്ധതി പ്രകാരം വീട്, വീട് റിപ്പയർ, കുടിവെള്ളം, കക്കൂസ് എന്നിവ ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് നാളിതുവരെ ആയവ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-10 ശാരീരിക മാനസിക വൈകല്യമുള്ളവർക്ക് ഉപകരണങ്ങൾ - വിതരണത്തിലെ അപാകത

പ്രൊജക്ട് നം. : S0061/16

നിർവ്വഹണം : മെഡിക്കൽ ഓഫീസർ

അടങ്കൽ : 3,00,000(വികസന ഫണ്ട് - ജനറൽ)

ചെലവ് : 2,99,409/- (ബിൽ. നം. 8/15-16 തീ. 26.03.2016)

ഭിന്നശേഷിയുള്ളവർക്ക് (കുറഞ്ഞത് 40% വൈകല്യമുള്ളവർക്ക്)പരസഹായം കൂടാതെ ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയതാണ് മേൽ പ്രൊജക്ട്. ക്യാമ്പിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 15 പേർക്കാണ് ഉപകരണങ്ങൾ വിതരണം ചെയ്തിരിക്കുന്നത്. കേരള സംസ്ഥാന വികലാംഗ കോർപ്പറേഷനിൽ നിന്നും 2,99,409/- രൂപ ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങി. ഇവയിൽ ചില ഉപകരണങ്ങൾ വാങ്ങിയ എണ്ണത്തേക്കാൾ കൂടുതൽ വിതരണം ചെയ്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | വാങ്ങിയത് എണ്ണം | വിതരണം എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | AFO (Ankle Foot Orthosis) | 2 | 1 | 1 കുറവ് |
| 2 | Endoskeletal AK Prosthesis | 1 | 2 | 1 കൂടുതൽ |
| 3 | Endoskeletal BK Prosthesis | 2 | 2 | |
| 4 | Ladies Back Strap | 2 | 1 | 1 കുറവ് |
| 5 | High Tech Knee Cap | 2 | 2 | |
| 6 | Hight Corrective Footwear | 1 | 1 | |
| 7 | MR Kit | 1 | 1 | |
| 8 | Peaditric Walker | 1 | 1 | |
| 9 | Surgical Shoe | 3 | 4 | 1 കൂടുതൽ |
| 10 | Tes Belt | 1 | 2 | 1 കുറവ് |
| 11 | Profound Class Digital Programmable Multiple Band BTE Hearing Aid | 14 | 7 പേർക്ക് (14 എണ്ണം) | |

ഇത് കൂടാതെ, വൈകല്യത്തിന്റെ ശതമാനം(4 പേരുടേത് ഒഴികെ) തെളിയിക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ടുനൽകിയ അന്വേഷണക്കുറിപ്പിന്(2/19.12.2016) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളിൽ നിന്നും എഴുതി വാങ്ങിച്ച രശീതിയിൽ വന്ന തെറ്റാണെന്നാണ് പരാമർശിച്ചിരിക്കുന്നത്. എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എഴുതിക്കൊടുത്ത രശീതിയിൽ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ഒപ്പുവെക്കുകയോ, വിരലടയാളം രേഖപ്പെടുത്തുകയോ ആണ് ചെയ്തിരിക്കുന്നത്. വൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാതെ ആനുകൂല്യം നൽകിയതിനും വിശദീകരണം നൽകേണ്ടതും,

ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-11 മീഡിയാശ്രീ ഡോക്യുമെന്ററി നിർമ്മാണം - സർക്കാർ ഉത്തരവിനു വിരുദ്ധമായി മുഴുവൻതുകയും മുൻകൂറായി നല്കി

അടങ്കൽ 65000/- തനത് ഫണ്ട്

നിർവ്വഹണം സെക്രട്ടറി

ചെലവ് 65000/- ചെക്ക് നം. 1407607/31.7.15

പഞ്ചായത്തുകളുടെ ലഘു ചരിത്രവും നിലവിലെ ഭരണ സമിതിയുടെ നേട്ടങ്ങളും ഉൾക്കൊള്ളിച്ചുള്ള ഡോക്യുമെന്ററി തയ്യാറാക്കുന്നതിന് കുടുംബശ്രീയുടെ കീഴിലുള്ള മീഡിയാശ്രീ ക്ക് പണം നൽകുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യമിട്ടത്. ആയതിനായി തനത് ഫണ്ടിൽ നിന്നും 65000/- രൂപ പിൻവലിച്ച് കുടുംബശ്രീയുടെ ജില്ലാ മിഷൻ കോ ഓർഡിനേറ്റർക്ക് 31.7.15 ന് കൈമാറിയിട്ടുണ്ട്. 16.2.15 ലെ സർക്കാർ ഉത്തരവ് നം. (Rt)462/15/തസ്വഭവ. പ്രകാരം മേൽ കാര്യത്തിനായി 30% തുക മുൻകൂറായി നൽകാൻ സർക്കാർ അനുമതി നല്കിയിട്ടുണ്ട്. എന്നാൽ ആയതിനു വിരുദ്ധമായി മുഴുവൻ തുകയും മുൻകൂറായി നല്കി.

തുക ലഭിച്ചതിന് കുടുംബശ്രീയുടെ ഔദ്യോഗിക രശീത് ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗിച്ചതിനുള്ള വിവരവും തുക ചെലവഴിച്ച് നിർമ്മിച്ച് ലഘു ചരിത്രവും ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-12 സ്റ്റോക്ക് രജിസ്റ്ററിൽ നീക്കിയിരിപ്പായി കാണിച്ചതിലധികം ടാർ സ്റ്റോക്ക് ചെയ്തു

2015-16 വർഷത്തെ ടാർ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വർഷാരംഭത്തിൽ 59.50 ബാരൽ ടാറാണ് സ്റ്റോക്ക് ഉണ്ടായിരുന്നത്. ആയതിൽ നിന്നും ചിറക്കാകുന്ന് കുന്നോത്ത് താഴെ റോഡ് 17 ബാരൽ, മാതാമുക്ക് വലിയ പറമ്പത്ത് റോഡ് 25 ബാരൽ ബാലവാടി മാണിക്കോത്ത് മുക്ക് റോഡ് 14.50 ബാരൽ എന്നിങ്ങനെ വിതരണം ചെയ്തിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നീക്കിബാക്കി മൂന്ന് ബാരൽ ആണ്. എന്നാൽ ടാറിന്റെ സ്റ്റോക്ക് നേരിൽ പരിശോധിച്ചതിൽ 6 ബാരൽ ടാർ പഞ്ചായത്തിന്റെ കാർ ഷെഡ്ഡിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. മിക്ക ബാരലുകളും തുരുമ്പു പിടിച്ച് പൊട്ടി ടാർ പുറത്തേക്കൊഴുകി നശിച്ചു കൊണ്ടിരിക്കുന്ന നിലയിലാണ്. സിഡ്കോയുടെ അവസാനം ലഭ്യമായി ഇൻവോയ്സ് പ്രകാരം (6695/2.2.15) നികുതികളും ട്രാൻസ്പോർട്ടിങ്ങ് ചാർജ്ജുമടക്കം ഒരു ബാരലിന് 7381 രൂപ വില വരും. അതായത് 44288 രൂപയുടെ ടാർ നശിക്കുന്ന അവസ്ഥയിലാണ്. സ്റ്റോക്ക് രജിസ്റ്ററിലുള്ളതിൽ കൂടുതൽ സ്റ്റോക്ക് വരുന്നതിനും ആവശ്യകതയില്ലാതെ പർച്ചേസ് നടത്തിയതിനും വിശദീകരണം നൽകേണ്ടതാണ്.

## 3-13 വാറ്റ് ഈടാക്കിയതിൽ കുറവ്

നിർവ്വഹണം : അസി. എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ച് അവസാന ബിൽ തുക നല്കിയ പ്രവൃത്തികളുടെ കാര്യത്തിൽ ,ബിൽ തുക നല്കുമ്പോൾ 4% നിരക്കിലാണ് നികുതി ഇടാക്കിയത്.ഇത് കോമ്പൌണ്ട് ചെയ്ത നിരക്കായതിനാൽ നികുതി കോമ്പൌണ്ട് ചെയ്തതിന് വില്പന നികുതി വകുപ്പിൽനിന്നുള്ള സാക്ഷ്യപത്രം കരാറുകാർ സമർപ്പിക്കേണ്ടതായിരുന്നു .എന്നാൽ സാക്ഷ്യപത്രം ആവശ്യപ്പെടാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചിരിക്കുന്നത് .സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% നിരക്കിലുമാണ് നികുതി ഈടാക്കേണ്ടിയിരുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ പറയുന്നു

| ക്രമ നം | പ്രൊജക്ട് നം | കരാറുകാരൻ | 2015-16 ലെപ്രവൃത്തിമൂല്യം | 1% നിരക്കിൽ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | കുറവുവന്ന തുക |
| 1 | 39/16 | കെ.കുമാരൻ | 98774 | 988 |
| 2 | 129/16 | കെ.കുഞ്ഞിരാമൻ | 96690 | 967 |
| 3 | 38/16 | കെ.കുമാരൻ | 299233 | 2992 |
| 4 | 123/16 | പവിത്രൻ കുനേരി | 149677 | 1497 |
| 5 | 54/16 | എ.മമ്മു | 149634 | 1496 |
| 6 | 139/16 | കെ.ടി ബാബു | 149531 | 1495 |
| 7 | 42/16 | എ.മമ്മു | 299306 | 2993 |
| 8 | 119/16 | കെ.കുമാരൻ | 98972 | 990 |
| 9 | 78/16 | എം അബ്ദുൾ ഗഫൂർ | 499887 | 4999 |
| 10 | 36/16 | പവിത്രൻ കുനേരി | 299549 | 2995 |
| 11 | 54/16 | എം അബ്ദുൾ ഗഫൂർ | 149090 | 1491 |
| 12 | 83/16 | കെ.കെ.കുഞ്ഞിരാമൻ | 1499899 | 11649 |
| 13 | 60/16 | എം അബ്ദുൾ ഗഫൂർ | 330565 | 3306 |
| 14 | 127/16 | സജീഷ്.കെ.കെ | 148970 | 1490 |
| 15 | 79/16 | ഇഎൽസിഎസ് | 322809 | 3229 |
| 16 | 67/16 | കെ.കെ.കുഞ്ഞിരാമൻ | 399609 | 3996 |
| | | ആകെ | | 46573 |

വാറ്റ് ഈടാക്കിയതിൽ കുറവ് വന്നതിനാൽ 46573/- രൂപയുടെ നഷ്ടം സർക്കാരിന് സംഭവിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം നല്കേണ്ടതാണ്.

## 3-14 ആദായ നികുതി ഈടാക്കിയതിൽ കുറവ്

ഓഡിറ്റ് വർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ച് അവസാന ബിൽ തുക നല്കിയ പ്രവൃത്തികളുടെ കാര്യത്തിൽ ,ബിൽ തുക നല്കുമ്പോൾ ലേബർ കോൺട്രാക്ട് സൊസൈറ്റികളുടെ കാര്യത്തിൽ 1% നിരക്കിലാണ് ആദായ നികുതി ഇടാക്കിയത്. ആദായനികുതി നിയമ പ്രകാരം വ്യക്തി/ഹിന്ദു കുടുംബങ്ങളിൽ നിന്നും 1% നിരക്കിലും മറ്റുള്ളവരിൽ നിന്നും 2% നിരക്കിലുമാണ് നികുതി ഈടാക്കേണ്ടിയിരുന്നത്.

| ക്രമനം | പ്രോജക്ട് / കരാറുകാരൻ ആകെ പ്രവൃത്തി മൂല്യം | ഈടാക്കിയ ആദായനികുതി | ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|
| 1 | പരവൻ മീത്തൽ ലക്ഷംവീട് കോളനി റോഡ് സോളിംഗ് മെറ്റലിംഗ് 81/16<br>കരാറുകാരൻ -OLCCOS Ltd<br>TVD - 316133 | 3162 | 6324 |

| | | | |
|---|---|---|---|
| 2 | എളയിടം പള്ളി റോഡ് സോളിംഗ് 79/16<br>കരാറുകാർ എളയിടം ലേബർ കോൺട്രാക്ട് സൊസൈറ്റി<br>TVD 322809 | 3229 | 6458 |
| | കുറവ് | 6391 | |

അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്.

## 3-15 നാദാപുരം ഗവൺമെന്റ് കോളേജിന് സ്ഥലം വാങ്ങൽ - നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

പുതുതായി അനുവദിച്ച നാദാപുരം ഗവൺമെന്റ് കോളേജിന് സ്ഥലവും പശ്ചാത്തല സൗകര്യവും ഒരുക്കുന്നതിന് രൂപീകരിച്ച സമാഹരണ ഫണ്ടിലേക്ക് 5,00,000/- രൂപ തനത് ഫണ്ടിൽ നിന്നും സംഭാവന ആയി നല്കാൻ സ. ഉ (സാധാ. ) 1635 /2014 / ത.സ്വ.ഭ.വ തീയതി 27.6.2014 പ്രകാരം ഗ്രാമ പഞ്ചായത്തിന് യഥേഷ്ടാനുമതി ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 7.4.2015 തീയതിയിലെ 21500021 നം. വൗച്ചർ പ്രകാരം 1,00,000/- രൂപ ഇതിനായി രൂപീകരിച്ച സ്പോൺസറിംഗ് കമ്മിറ്റിക്ക് നല്കി. മേൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം സംഭാവന നൽകുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് ബന്ധപ്പെട്ട സംഘാടക സമിതി ജനറൽ കൺവീനർ ഓഡിറ്റ് ചെയ്ത വരവു ചെലവു കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്. എന്നാൽ മേൽ പ്രകാരമുള്ള ധനവിനിയോഗ സാക്ഷ്യപത്രം സംഘാടക സമിതിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരത്തിന്റെ അഭാവത്തിൽ ഈയിനത്തിലുള്ള 1,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-16 കന്നുകുട്ടി പരിപാലന പദ്ധതി : നല്കിയ തുകയുടെ വിനിയോഗവിവരം ഹാജരാക്കിയില്ല.

ഓഡിറ്റ് വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയുടെ വിഹിതമായി 3,25,000/- രൂപ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം - എസ്. 0032/16

പ്രോജക്ട് - കന്നുകുട്ടി പരിപാലനം

അടങ്കൽ - 13,00,000/- രൂപ - വികസനഫണ്ട് ജനറൽ

ചെലവ് - 3,25,000/- രൂപ

ബിൽ നം. 3/15-16 തീയതി 28.10.15

കന്നുകുട്ടി പരിപാലന പദ്ധതിക്കായി 3,25,000/- രൂപ മൃഗ സംരക്ഷണ വകുപ്പ് ജില്ലാ ഓഫീസർക്ക് 31.12.2015ന് കൈമാറിയെങ്കിലും ആയതിന്റെ വിനിയോഗവിവരം ലഭിച്ചിട്ടില്ല. വിനിയോഗവിവരത്തിന്റെ അഭാവത്തിൽ ഈയിനത്തിലുള്ള 3,25,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-17 തെരുവു നായ നിയന്ത്രണ പദ്ധതി തുക അടവാക്കി - വിനിയോഗ വിവരമില്ല

പ്രോജക്റ്റ് : 152/16 തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി
അടങ്കൽ : 200000 തനത് ഫണ്ട്
നിർവ്വഹണം: സെക്രട്ടറി
ചെലവ് : 200000 vr. 21501099/23.3.16

പഞ്ചായത്ത് പ്രദേശത്തെ തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി ജില്ലാ തലത്തിൽ നടപ്പാക്കുന്ന പദ്ധതിക്കായി പഞ്ചായത്ത് വിഹിതമായി 200000 രൂപ പിൻവലിച്ച് ഡിഡി നം 979723/28.3.16 ആയി ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അടവാക്കിയിട്ടുണ്ട്. തുക ഫലപ്രദമായി വിനിയോഗിച്ചതിനുള്ള സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് മേൽ പ്രോജക്റ്റിന്റെ ഭാഗമായി നടന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരണം ഫയലില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 200000 രൂപ തടസ്സപ്പെടുത്തുന്നു

## 3-18 എസ് എസ് എ വിഹിതം അടവാക്കി - കൈപ്പറ്റ് രശീതും വിനിയോഗ വിവരവുമില്ല

അടങ്കൽ 200000/- തനത് ഫണ്ട്

നിർവ്വഹണം - സെക്രട്ടറി

ചെലവ് 200000/- ചെക്ക് നം. 1407627/21.12.15

എസ് എസ് എ വിഹിതമായി 2,00,000 രൂപ എസ്എസ്എ പ്രോജക്റ്റ് ഓഫീസർക്ക് അടവാക്കിയിട്ടുണ്ട്. എസ്എസ്എ യുടെ തൻവർഷത്തെ ആകെ പ്രോജക്റ്റ് അടങ്കൽ എത്രയാണെന്നോ ആയതിനായി എത്ര രൂപ അടവാക്കേണ്ടതുണ്ട് എന്നോ ഉള്ള വിവരം ഫയലിൽ ലഭ്യമല്ല. 2,00,000 രൂപ 21.12.2015 ന് നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ കൈപ്പറ്റ് വിവരം, വിശദമായ വിനിയോഗ വിവരം എസ് എസ് എ ഗ്രാമപഞ്ചായത്തിൽ മേൽ പ്രോജക്റ്റിന്റെ ഭാഗമായി നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 2,00,000 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

## 3-19 ഐ.എ.വൈ വിഹിതം നല്കൽ : രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല.

വി. ഇ. ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൻ കീഴിൽ ഐ.എ.വൈ വിഹിതമായി തൂണേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് 7,20,000/- രൂപ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം - എസ്. 0001/16

പ്രോജക്റ്റ് - ഐ.എ.വൈ വിഹിതം നൽകൽ ( ജനറൽ )

അടങ്കൽ തുക - 7,20,000/- രൂപ - വികസന ഫണ്ട് - പൊതു വിഭാഗം

ചെലവ് - 7,20,000/- രൂപ – ബിൽ നം. 7/15-16 തീയതി 22.1.16

ഐ.എ.വൈ വിഹിതമായി 7,20,000/- രൂപ തൂണേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് 5.2.2016ന് കൈമാറിയെങ്കിലും ആയതിന്റെ രശീതി, വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ല. വിനിയോഗവിവരത്തിന്റെ അഭാവത്തിൽ ഈയിനത്തിലുള്ള 7,20,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-20 ഐഎവൈ വിഹിതം അടവാക്കി ഔദ്യോഗിക രശീതും വിനിയോഗ

വിവരവുമില്ല

അടങ്കൽ 120000/- വികസന ഫണ്ട് എസ് സി പി

നിർവ്വഹണം - അസി സെക്രട്ടറി

ചെലവ് 120000/- 6/15-16 13.1.16

ഐ എ വൈ വിഹിതമായി(എസ് സി പി) 1,20,000 രൂപ തൂണേരി ബ്ലോക്ക് പഞ്ചായത്തിലേക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ എത്ര പേർക്ക വേണ്ടി എത്ര രൂപ വീതമാണ് ഗ്രാമപഞ്ചായത്ത് വിഹിതം എന്നത് ഇവിടെ വ്യക്തമാക്കിയിട്ടില്ല. കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക രശീത്, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 1,20,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-21 ഐഎവൈ ഭവനം - വായ്പയുടെ പലിശ തിരിച്ചടവിന് തുക നല്കി - രേഖകളില്ല

പ്രോജക്റ്റ് 163/16 ഐഎവൈ ഭവന പദ്ധതി സഹകരണസ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പയുടെ പലിശ തിരിച്ചടവ്

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 250000 വികസന ഫണ്ട് എസ് സി പി

ചെലവ് – 250000 ബിൽ നം 37/15-16/30.3.16

ഐഎവൈ ഭവന പദ്ധതി സഹകരണസ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പയുടെ പലിശ തിരിച്ചടവിനായി 250000 രൂപ പിൻവലിച്ച് തൂണേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നല്കിയിട്ടുണ്ട് (ഡിഡി 979836/30.3.16). 26.3.16 ലെ സർക്കാർ ഉത്തരവ് (സാധാ) 1328/ 16/തസ്വഭവ പ്രകാരം ഐഎവൈ ഭവന പദ്ധതി സഹകരണസ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പയുടെ പലിശ തിരിച്ചടവിനായി ത്രിതല പഞ്ചായത്തുകൾക്ക് പ്രോജക്റ്റ് വയ്ക്കാമെങ്കിലും അധിക ധനസഹായത്തിനായി എടുത്ത തുകയുടെ പലിശ അടവാക്കേണ്ടത് ബ്ലോക്ക് പഞ്ചായത്തുകളാണ്. ഏതു തുകയാണ് അടവാക്കുന്നതെന്നോ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് വേണ്ടി എടുത്ത വായ്പ തുക, പലിശ, അധിക ധനസഹായത്തിനായി വായ്പ എടുത്തിട്ടുണ്ടെങ്കിൽ ആയത് , നിലവിൽ പലിശയായി അടവാക്കാനുള്ള തുകയുടെ കണക്ക് എന്നിവയൊന്നും ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങളൊന്നും ലഭ്യമാവാതെ തുക നല്കുകയാണ് ചെയ്തത്. തുക കൈപ്പറ്റിയതിന് ബ്ലോക്ക് പഞ്ചായത്ത് ഔദ്യോഗിക രശീതി, തുക നല്കപ്പെട്ട ആവശ്യത്തിനായി വിനിയോഗിച്ചതിനുള്ള രേഖകൾ എന്നിവയും ലഭിച്ചിട്ടില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 250000 രൂപ തടസ്സപ്പെടുത്തുന്നു

## 3-22 റോഡ് നിർമ്മാണത്തിന് ഭാഗിക പ്രോജക്റ്റ്

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, IRC സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്റ്റ് അംഗീകരിച്ച് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്.എന്നാൽ ഓഡിറ്റ് വർഷത്തിൽ 54/16, 87/16, 139/16, 42/16, 136/16, 79/16, 128/16, 127/16, 49/16, 41/16,68/16, 157/16, 60/16, 53/16, എന്നീ നമ്പരുകൾ പ്രകാരമുള്ള പ്രൊജക്റ്റുകളുടെ കാര്യത്തിൽ സോളിംഗ് വരെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ചു കാണുന്നു. ചില റോഡുകളിൽ മണ്ണ് ഫില്ലിംഗ് ചെയ്ത് ക്വാറി മക്ക് വിതറൽ മാത്രമാണ് ചെയ്തത്. മുൻ വർഷങ്ങളിലും ഇപ്രകാരം പ്രവൃത്തികൾ ചെയ്തതിനാൽ ഓഡിറ്റ് വർഷത്തിൽ ടാറിംഗ് നടത്തുമ്പോൾ റീ സോളിംഗ് ഇനത്തിൽ വലിയതുക ചെലവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.റീ സോളിംഗ് ഇനത്തിൽ അധികചെലവ് വരുന്നതും, തുക

ചെലവഴിച്ചിട്ടും റോഡിന്റെ യഥാർത്ഥ ഗുണം ലഭിക്കുന്നതിന് കാലതാമസം വരുന്നതും,ഇപ്രകാരം ഭാഗിക പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയാണ്. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സി.3309/08 തീ. 31.12.2009 ജില്ലാ കലക്ടർ കോഴിക്കോട് | 97,500 | 6,56,476 | 6,50,000 | | 1,03,976 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,11,991 |
| തൻവർഷം നിക്ഷേപിച്ച തുക | 40,182 |
| ആകെ | 10,52,173 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,52,173 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കെ.ഡി.സി ബാങ്ക് ഓർക്കാട്ടേരി | 8,89,126 |
| കേരള ഗ്രാമീൺ ബാങ്ക്, പുറമേരി | 1,63,047 |
| ആകെ | 10,52,173 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11,635/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1998-99 | 36 , 40(a,b,c) | 11,635 | ശ്രീ. കസ്തൂരി തിലകൻ | 11501100446/ 14.05.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | ലഭ്യമല്ല | 1999 | 46 | വളം വില അധികം നൽകിയത് തിരിച്ചടച്ചില്ല |
| 2000-01 | രേഖപ്പെടുത്തിയില്ല | 2003-04 | 3.11.13 മറ്റ് പരാമർശങ്ങൾ | മരാമത്തു പ്രവൃത്തി - പുതിയേടത്ത് മീത്തൽ ജലസേചന പദ്ധതി |
| 2001-02 | 1.7 | 2005-06 | 70.2.5 | പുതിയ അക്കൗണ്ടിംഗ് അപാകതകൾ- വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ സൂക്ഷിക്കുന്നില്ല, പ്രതിമാസ അക്കൗണ്ട് തയ്യാറാക്കുന്നില്ല |
| 2002-03 | 3.6 | 2005-06 | 70.5 | ലക്ഷം വീട് വൈദ്യുതീകരണവും, തെരുവ് വിളക്ക് സ്ഥാപിക്കലും |
| 2002-03 | ഭാഗം 1 | 2005-06 | 70.11 | ഡെപ്പോസിറ്റ് രജിസ്റ്റർ, കെട്ടിട നികുതി അസസ്മെന്റ് രജിസ്റ്റർ, ഗ്രാന്റ് അപ്രോപ്രിയേഷൻ രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല, ഗ്രാമ സഭകളുടെ സംഘാടനം തൃപ്തികരമല്ല |

| | | | | |
|---|---|---|---|---|
| 2002-03 | 1.5 | 2005-06 | 70.12 | ഗ്രാമസഭ നിയമലംഘനം- സമയപരിധി പാലിച്ചില്ല, ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ ചർച്ച ചെയ്യുന്നില്ല |
| 2001-02 | രേഖപ്പെടുത്തിയില്ല | 2005-06 | 70.14.16 | നികുതി പിരിക്കുന്നതിലെ അലംഭാവം- കുടിശ്ശിക വർദ്ധിക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യുവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,85,15,238 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,01,13,527 |
| വരവിനങ്ങളിലുള്ള നഷ്ടം | 233528 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 475888 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3141854 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 232878 | | പി.ടി.പ്രസാദ്, സെക്രട്ടറി |
| 2-3 | 650 | | പി.ടി.പ്രസാദ്, സെക്രട്ടറി |
| 3-1 | | 28458 | എം.എ.മോഹൻകുമാർ, അസി.എഞ്ചിനീയർ |
| 3-2 | | 265410 | എം.എ.മോഹൻകുമാർ, അസി.എഞ്ചിനീയർ<br>പി.ഗോപിനാഥൻ അസി.എക്സി.എഞ്ചിനീയർ |
| 3-3 | | 30392 | എം.എ.മോഹൻകുമാർ, അസി.എഞ്ചിനീയർ<br>പി.ഗോപിനാഥൻ അസി.എക്സി.എഞ്ചിനീയർ |
| 3-4 | | 101628 | എം.എ.മോഹൻകുമാർ, അസി.എഞ്ചിനീയർ<br>പി.ഗോപിനാഥൻ അസി.എക്സി.എഞ്ചിനീയർ |
| 3-5 | | 50000 | സിന്ധു.പി.ജി, അസി.സെക്രട്ടറി |
| ആകെ | 233528 | 475888 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-6 | 1179994 | 199486 അഖിൽ ഹരി, അസി.എഞ്ചിനീയർ<br>980508 എം.എ.മോഹൻകുമാർ, അസി.എഞ്ചിനീയർ |
| 3-7(2) | 81860 | പി.ടി.പ്രസാദ്, സെക്രട്ടറി |
| 3-11 | 65000 | പി.ടി.പ്രസാദ്, സെക്രട്ടറി |
| 3-15 | 100000/- | പി.ടി.പ്രസാദ്, സെക്രട്ടറി |
| 3-16 | 325000 | ഷൈനി.കെ.ആർ നമ്പീശൻ, വെറ്ററിനറി സർജ്ജൻ |
| 3-17 | 200000 | പി.ടി.പ്രസാദ്, സെക്രട്ടറി |
| 3-18 | 200000 | പി.ടി.പ്രസാദ്, സെക്രട്ടറി |
| 3-19 | 720000 | ബൈജു.പി.പി, വിഇഒ |
| 3-20 | 120000 | സിന്ധു.പി.ജി, അസി.സെക്രട്ടറി |
| 3-21 | 250000 | പി.ടി.പ്രസാദ്, സെക്രട്ടറി |
| | 3141854 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | സർക്കാർ വിഭാഗം | ഇനം | തുക |
|---|---|---|---|
| 3-13 | സംസ്ഥാനസർക്കാർ | വിൽപ്പനനികുതി | 46573 |
| 3-14 | കേന്ദ്ര സർക്കാർ | ആദായനികുതി | 6391 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.എ.മോഹൻകുമാർ,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | നവനീതം,<br>എളമണ്ണൂർ പി ഓ,<br>പത്തനംതിട്ട |
| പി.ഗോപിനാഥൻ<br>അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ,<br>കോഴിക്കോട് കോർപ്പറേഷൻ | ഐശ്വര്യ<br>തൃക്കലോട്ട്<br>മഞ്ചേരി<br>മലപ്പുറം |
| പി.ടി.പ്രസാദ്, സെക്രട്ടറി | സെക്രട്ടറി,<br>പുറമേരി ഗ്രാമപഞ്ചായത്ത് | മിഥില,<br>ചോമ്പാല.പി.ഓ<br>കോഴിക്കോട് |
| സിന്ധു.പി.ജി, അസി.സെക്രട്ടറി | അസി.സെക്രട്ടറി,<br>പുറമേരി ഗ്രാമപഞ്ചായത്ത് | സദ്മം,<br>കുറിഞ്ഞാലിയോട് |

| | | |
|---|---|---|
| | | പി.ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി പി5/665/09 തീ. 31.03.2010 | 7 |
| 1997-98 | എൽ.എഫ്. എസ്2/1124/98 തീ. 11.12.2000 | 3 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി പി5/1418/08(1) തീ. 07.04.2009 | 18 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി പി5/1584/03 തീ. 15.03.2004 | 9 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി പി8/564/06 തീ. 12.10.2006 | 2 |
| 2000-01 (പ്ലാൻ) | എൽ.എഫ്. കെ.കെ.ഡി.എസ്3/799/03 തീ.03.11.03 | 3 |
| 2000-01 (ഡി.സി.ബി) | എൽ.എഫ്. കെ.കെ.ഡി.പി5/1016/08 തീ.06.11.08 | 1 |
| 2001-02 (ഡി.സി.ബി) | എൽ.എഫ്.കെ.കെ.ഡി പി8/943/06 തീ. 12.10.2006 | 3 |
| 2001-02 പ്ലാൻ | എൽ.എഫ്. കെ.കെ.ഡി.എസ്3/800/ 08 തീ.19.01.2014 | 2 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി പി8/544/06 തീ. 10.05.2007 | 5 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി പി5/1016/08 തീ. 06.11.2008 | 3 |
| 2004-05 | എൽ.എഫ്. കെ.കെ.ഡി.എസ്1/1255 /07 തീ.05.04.2008 | 12 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി പി5/878/09 തീ. 09.09.2009 | 12 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി പി5/755/ 2010തീ. 30.04.2010 | 14 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി പി5/1613/11 തീ. 12.01.2012 | 15 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി പി11/89/12 തീ. 21.06.2012 | 6 |

| | | |
|---|---|---|
| 2009-10, 2010-11 | എൽ.എഫ്.കെ.കെ.ഡി പി11/396/13 തീ. 25.04.2013 | 16 |
| 2011-12, 2012-13 | കെ.എസ്.എ. കെ.കെ.ഡി.പി11 /882/15 തീ. 25.08.2015 | 11 |
| 2013-14, 2014-15 | കെ.എസ്.എ. കെ.കെ.ഡി.പി11 /419/16 തീ. 02.05.2016 | 32 |

* മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലെ വിവരങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം -1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.11/2302/2016

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി. 12.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രയത്തിൽ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

KSA.KKD-P11 /2302/2016

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date: 12.01.2017

# Audit Certificate

Certified that I have audited the Annual Financial Statement of Purameri Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Purameri Grama Panchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure .

DEPUTY DIRECTOR

Kerala State Audit Department, District Audit Office, Kozhikode.